# മലങ്കരസഭാപത്രിക

മലങ്കര സഭയുടെ മുഖപത്രം
സ്ഥാപിതം 2004
Reg. No. KERMAL 1248/11/1/2005-TC No. M2/42356/05
വാർഷിക വരിസംഖ്യ 100 രൂപ
2010 മെയ് 1-15
Vol. 6 No. 1

A Publication of the Public Relations Department, Malankara Orthodox Syrian Church




# മെത്രാഭിഷേകം:സ്ഥാനികളും കാർമ്മികരും ഒരുക്കത്തിൽ

കോട്ടയം: മെയ് 12-ന് കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ നടക്കുന്ന മെത്രാഭിഷേകത്തിനായി പരിശുദ്ധ കാതോലിക്കാ ബാവായും, ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ബാവായും, മറ്റു പിതാക്കന്മാരും, മെത്രാൻ സ്ഥാനികളും നോമ്പോടും പ്രാർത്ഥനയോടും തയ്യാറെടുക്കുന്നു. പരിശുദ്ധാത്മ അഭിഷേകത്തിന്റെ പ്രത്യേക വിളിയുള്ള (Invocation of Holy Spirit) ഈ ശുശ്രൂഷ, സഭാ പാരമ്പര്യത്തിൽ അത്യധികം ഗൗരവത്തോടെയാണ് കാണുന്നത്.

### സ്ഥാനികൾക്ക് പ്രത്യേക പരിശീലനം പഴയ സെമിനാരിയിൽ

എ.ഡി. 1-ാം നൂറ്റാണ്ടിന്റെ അവസാനം മുതൽ എപ്പിസ്കോപ്പാ, കശ്ശീശാ, ശെമ്മാശൻ എന്നീ 3 പൗരോഹിത്യ സ്ഥാനങ്ങൾ വേർതിരിച്ച് സഭയിൽ കാണുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ ഓരോ സ്ഥാനത്തിനും തത്തുല്യമായ ദൈവീക നൽവരങ്ങൾ ആവശ്യമായിട്ടുണ്ട്. എപ്പിസ്കോപ്പാമാർക്ക് ആവശ്യമായ ഈ വിശുദ്ധ നൽവരങ്ങൾ പ്രാപിക്കാനുള്ള ഒരുക്കത്തിലാണ് സ്ഥാനികൾ. മെത്രാഭിഷേകത്തിലും, പട്ടംകൊട ശുശ്രൂഷയിലും ഒക്കെ സംബന്ധിക്കുന്ന ജനങ്ങൾക്കും പ. റൂഹായുടെ പ്രത്യേക കൃപകൾ ലഭിക്കുമെന്ന് സഭ വിശ്വസിക്കുന്നു.

മെത്രാൻ സ്ഥാനികൾ പഴയസെമിനാരിയിലാണ് ഇപ്പോൾ താമസിക്കുന്നത്. അവിടെ അവർക്ക് മെത്രാപ്പോലീത്താമാർ മാത്രം നടത്തേണ്ടതായ ശുശ്രൂഷകളുടെ (ഉദാ. പട്ടംകൊട, ദേവാലയകൂദാശ) പാട്ടുകളും കർമ്മങ്ങളും അഭ്യസിപ്പിക്കുകയാണ്. അതോടൊപ്പം സഭാ കാനോനുകൾ, സെക്കുലർ നിയമങ്ങൾ, ഭരണഘടന, അക്കൗണ്ടിംഗ് തുടങ്ങിയവയിലും അതാതിൽ പണ്ഡിതരായവർ ക്ലാസ്സുകൾ നയിക്കുന്നു. മെത്രാപ്പോലീത്താമാർ അനുവർത്തിക്കേണ്ട തപോനിഷ്ഠകളെപ്പറ്റി പരിശുദ്ധ ബാവാ തിരുമേനി മെത്രാൻ സ്ഥാനികൾക്ക് ഉപദേശങ്ങൾ നല്കി. വാർദ്ധക്യത്തിൽ ലഭിച്ച ഈ അതുല്യനിയോഗത്തിൽ ദൈവതിരുമുമ്പാകെ നമ്രശിരസ്കനാകുകയാണ് പരിശുദ്ധ പിതാവ്.

**തൽസമയ സംപ്രേഷണം**

മെയ് 12-ന് രാവിലെ രാവിലെ 6.00 മുതൽ മെത്രാഭിഷേകത്തിന്റെ തൽസമയ ദൃശ്യങ്ങൾ ഔദ്യോഗിക വെബ് ടി.വി.യായ www.orthodoxchurch.tv യിലൂടെ ലോകത്തിലെവിടെനിന്നും കാണാം. കേരളത്തിലുടനീളം ACV ചാനൽ സംപ്രേഷണം ചെയ്യുന്നതാണ്.

# ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് അവാർഡ് ഡോ. കരൺസിംഗിന് രാഷ്ട്രപതി സമ്മാനിച്ചു.




ന്യൂഡൽഹി: ഒരു മതവും തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്നില്ലെന്നും മതാന്തര സംവാദത്തെ പ്രോത്സാഹിപ്പിക്കേണ്ട സമയമാണിതെന്നും രാഷ്ട്രപതി പ്രതിഭാ പാട്ടീൽ പറഞ്ഞു. വിശ്വവിഖ്യാതനായ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ സ്മണാർത്ഥം ഡൽഹി ഭദ്രാസനം ഏർപ്പെടുത്തിയ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് ഇന്റർനാഷണൽ അവാർഡ് രാജ്യസഭാ എം.പി. ഡോ. കരൺസിംഗിന് വിജ്ഞാൻ ഭവനിൽവച്ച് രാഷ്ട്രപതി ശ്രീമതി പ്രതിഭാ പാട്ടീൽ സമ്മാനിച്ചു സംസാരിക്കുകയായിരുന്നു. ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസിന്റെ അദ്ധ്യക്ഷതയിൽ മഹാത്മാഗാന്ധിയുടെ കൊച്ചുമകനും ബംഗാൾ മുൻ ഗവർണ്ണറുമായ ഗോപാലകൃഷ്ണ ഗാന്ധി, എം.എസ്. സഖറിയാ റമ്പാൻ, ഫാ.ഡോ. കെ.എം. ജോർജ് എന്നിവർ പ്രസംഗിച്ചു.

# പുതുപ്പള്ളി പെരുന്നാളിന് കൊടിയേറി



പുതുപ്പള്ളി: പുതുപ്പള്ളി പെരുന്നാൾ ഏപ്രിൽ 28-ന് കൊടിയേറി. അത്ഭുതപ്രവർത്തകനായ വി. ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാളിനുള്ള വിപുലമായ ഒരുക്കങ്ങൾ പൂർത്തിയായി. മെയ് 5, 6, 7 തീയതികളിലാണ് പ്രധാന പെരുന്നാൾ. പരിശുദ്ധ ബാവാതിരുമേനിയും, ശ്രേഷ്ഠ നിയുക്ത കാതോലിക്കാബാവായും, അഭിവന്ദ്യ മെത്രാപ്പോലീത്താമാരും കാർമ്മികത്വം വഹിക്കും. പ്രധാന പെരുന്നാൾ ദിവസമായ മെയ് 7-ന് രാവിലെ വി. ഒമ്പതിന്മേൽ കുർബ്ബാനയും, തുടർന്ന് പ്രസിദ്ധമായ വെച്ചൂട്ട് നേർച്ചയും നടക്കും. ഭാരതത്തിൽ വിശുദ്ധ ഗീവർഗീസ് സഹദായുടെ തിരുശേഷിപ്പ് സ്ഥാപിച്ചിട്ടുള്ള പ്രഥമ ദേവാലയമാണ് പുതുപ്പള്ളി പള്ളി. പൗരസ്ത്യ ജോർജിയൻ തീർത്ഥാടന കേന്ദ്രമായ മതസൗഹാർദ്ദത്തിന്റെയും സാമുദായിക ഐക്യത്തിന്റെയും സംഗമഭൂമിയാണ്.

# മലങ്കര വർഗ്ഗീസ് വധം: ആക്ഷൻ കൗൺസിൽ സമരത്തിലേക്ക്

പെരുമ്പാവൂർ: റ്റി. എം. വർഗ്ഗീസ് (മലങ്കര വർഗ്ഗീസ്) വധക്കേസിലെ ഒരു പ്രധാന പ്രതിയായ ജോയി വർഗ്ഗീസി(സിമെന്റ് ജോയി) നെ അറസ്റ്റ് ചെയ്തതിൽ ഓർത്തഡോക്സ് സഭ സംതൃപ്തി രേഖപ്പെടുത്തുകയും, അതിനുവേണ്ടി പ്രയ്തനിച്ച സി. ബി. ഐ ഉദ്യോഗസ്ഥരെ അഭിനന്ദിക്കുകയും ചെയ്തു. നീണ്ട 8 വർഷങ്ങൾക്ക് ശേഷമാണെങ്കിലും നീതി നടപ്പാക്കാൻ പോകുന്നു എന്ന തോന്നലാണ് ഇപ്പോൾ ഉണ്ടാകുന്നത്. അന്വേഷണം ശരിയായ ദിശയിൽ പുരോഗമിക്കുന്നു എന്നതിന്റെ തെളിവാണ് ഈ അറസ്റ്റ്. ഗുണ്ടാസംഘങ്ങളുടെയും, കൊലപാതകികളുടെയും അഴിഞ്ഞാട്ടത്തിൽ നിന്ന് കേരളത്തെ മോചിപ്പിക്കുന്നതിനായുള്ള പ്രയത്നത്തിൽ ഒരു പുതിയ കാൽവയ്പ്പാണ് സി. ബി. ഐ. നടത്തിയിരിക്കുന്നത്. എന്നാൽ കാര്യങ്ങൾ വേണ്ടത്ര വേഗത്തിൽ പുരോഗമിക്കുന്നുണ്ടോ എന്ന സംശയവും തോന്നി തുടങ്ങിയിരിക്കുന്നു. ലോക്കൽ പോലീസ് പ്രാഥമിക അന്വേഷണം നടത്തി യഥാർത്ഥ പ്രതികളെ കണ്ടുപിടിക്കാതെ കേസ് അന്വേഷണം അവസാനിപ്പി

(ശേഷം 6-ാം പേജിൽ)

# മുൻ സഭാ ട്രസ്റ്റി പി.സി. ഏബ്രഹാമിന് ആദരവോടെ വിട



കോട്ടയം: ഓർത്തഡോക്സ് സഭ മുൻ അത്മായ ട്രസ്റ്റി പി.സി. ഏബ്രഹാം പടിഞ്ഞാറെക്കരയുടെ ശവസംസ്ക്കാര ശുശ്രൂഷ സഭ അദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ കോട്ടയം പുത്തൻ പള്ളി സെമിത്തേരിയിൽ നടന്നു. ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ് സഭയ്ക്കുവേണ്ടി പുഷ്പചക്രംസമർപ്പിച്ചു. അഭിവന്ദ്യ മെത്രാപ്പോലീത്താമാരായ ഡോ. മാത്യൂസ് മാർ സേവേറിയോസ്, പൗലോസ് മാർ പക്കോമിയോസ്, കുര്യാക്കോസ് മാർ ക്ലീമ്മിസ്, ഡോ. സഖറിയാ മാർ തെയോഫിലോസ്, ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, യൂഹാനോൻ മാർ പോളിക്കാർപ്പസ്, ഡോ. മാത്യൂസ് മാർ തീമോത്തിയോസ്, ഏബ്രഹാം മാർ എപ്പിഫാനിയോസ്, നിയുക്ത മെത്രാപ്പോലീത്താമാർ എന്നിവർ സഹകരാർമ്മികരായിരുന്നു. പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി, എൽ.ഡി.എഫ്. കൺവീനർ വൈക്കം വിശ്വൻ, എം.എൽ.എ. മാരായ മോൻസ് ജോസഫ്, വി.എൻ. വാസവൻ, തിരുവഞ്ചൂർ രാധാകൃഷ്ണന്, ഫാ.ഡോ.

(ശേഷം 4-ാം പേജിൽ)

മലങ്കരസഭാപത്രിക

# മെയ്ദിനം

**ലോ**ക തൊഴിലാളി ദിനം ഒരിക്കൽ കൂടി സമാഗതമാകുകയാണ്. തൊഴിലാളികളുടെ ആവശ്യങ്ങൾക്കുവേണ്ടി നടന്ന ഐതിഹാസികമായ സമരങ്ങൾക്കൊടുവിലാണ് ഈ ദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ലോകം ചിന്തിച്ചത്. അമേരിക്കയിലെ കൽക്കരി ഫാക്ടറിയിൽ പണിയെടുത്തിരുന്ന തൊഴിലാളികളനുഭവിച്ചിരുന്ന ദുരന്തം ഏതു രാഷ്ട്രത്തിലെ തൊഴിലാളികളുടെയും ദുരിതത്തിന്റെ ഒരു പരിച്ഛേദം തന്നെയായിരുന്നു. അന്ന്, തൊഴിലാളികൾ അസംഘടിതരായിരുന്നു. അവർക്ക് ജോലിക്ക് അനുസൃതമായ വേതനം ലഭിച്ചിരുന്നില്ല. തുല്യജോലിക്ക് തുല്യവേതനമോ, വിശ്രമാവസരങ്ങളോ പരിമിതമായിരുന്നു. തങ്ങളനുഭവിച്ച യാതനകൾക്കും കടുത്ത അവഗണനകൾക്കുമെതിരെ ഉയർന്ന വികാരമാണ് ലോകമെങ്ങുമുള്ള തൊഴിലാളികളെക്കുറിച്ചും ചിന്തിക്കുവാൻ സമൂഹത്തെ പ്രേരിപ്പിച്ചത്.

എന്നാൽ ഇന്ന് തൊഴിലാളികൾ ഏറെക്കുറെ സംഘടിതരാണ്, എന്നാൽ തൊഴിലിന്റെ മഹത്വം മനസ്സിലാക്കാത്തവരുടെ സംഖ്യ ഇന്ന് ഏറെയാണ്. സ്വന്തം വിയർപ്പുകൊണ്ട് ഉപജീവിക്കണമെന്ന സന്ദേശമാണ് വി. വേദപുസ്തകം നമുക്കു നൽകുന്നത്. സ്വാർത്ഥലാഭത്തിനുവേണ്ടി, തൊഴിൽ സ്തംഭിപ്പിക്കുന്നവരും തൊഴിൽ ചെയ്യാതെ, വിയർക്കാതെ എളുപ്പമാർഗ്ഗത്തിൽ പണമുണ്ടാക്കണമെന്ന് ആഗ്രഹിക്കുന്നവരും ക്രിസ്തീയമായ വഴിയിലല്ല സഞ്ചരിക്കുന്നതെന്ന് ഓർമ്മിക്കണം. കടലിൽ മീൻപിടിക്കുന്ന ശിഷ്യർക്കുവേണ്ടി ഉത്ഥാനത്തിനുശേഷം പ്രാതൽ ഒരുക്കി കാത്തിരിക്കുന്ന യേശു അധ്വാനിക്കുന്നവരും ഭാരം ചുമതക്കുന്നവരുമായ ഏവരുടെയും സ്നേഹിതനാണ്. നാം ആയിരിക്കുന്ന മേഖലകളിൽ ആത്മാർത്ഥതയോടെ നല്ല കാര്യവിചാരകരായി പ്രവർത്തിക്കുവാൻ ഈ മെയ്ദിനത്തിൽ പ്രതിജ്ഞയെടുക്കാം.

–ഡോ. ജോർജ് ജോസഫ്

സഭാ പ്രാധാന്യമുള്ള വാർത്തകളും
ചിത്രങ്ങളും അയ്ച്ചുതരിക
എഡിറ്റർ, മലങ്കരസഭാ പത്രിക
കാതോലിക്കേറ്റ് അരമന, ദേവലോകം, കോട്ടയം 38.
E-mail: sabhapathrika@yahoo.co.in

**സ്ഥാപകൻ**
പരി.ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ
**രക്ഷാധികാരി**
പരി.ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ കാതോലിക്കാ ബാവ
**ചെയർമാൻ**
ഡോ. യാക്കൂബ് മാർ ഐറേനിയസ് മെത്രാപ്പോലീത്താ
**ചീഫ് എഡിറ്റർ**
ഡോ. ജോർജ് ജോസഫ്
**എഡിറ്റർ**
ഡോ. ജോസ് പാറക്കടവിൽ
**കോ-ഓർഡിനേറ്റർ**
ശ്രീ. മാത്യു ചെറിയാൻ
**കോ-ഓർഡിനേറ്റിംഗ് എഡിറ്റർ**
പ്രൊഫ. പി.സി. ഏലിയാസ്
**അസോസിയേറ്റ് എഡിറ്റർ**
ഫാ.പ്രൊഫ. ഇ.എം. ഫിലിപ്പ്
**ട്രഷറർ**
ശ്രീ. ഏ.കെ. തോമസ്
**സബ് എഡിറ്റർ**
ഫാ. യൂഹാനോൻ ജോൺ
**സർക്കുലേഷൻ മാനേജർ**
ശ്രീ. സി.സി. ചെറിയാൻ
**അഡ്വർടൈസിംഗ് മാനേജർ**
ഫാ. ജോൺ ശങ്കരത്തിൽ
**ഉപദേശക സമിതി**
ഫാ.ഡോ. കെ.എം. ജോർജ്, ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, ഫാ.ഡോ. സാബു കുറിയാക്കോസ്, ശ്രീ. എം.ജി. ജോർജ് മുത്തൂറ്റ്, ഡോ. അലക്സാണ്ടർ കാരയ്ക്കൽ, ശ്രീ. ജോർജ് വർഗീസ് ന്യൂഡൽഹി, ഡോ. കെ. രാജു ഫിലിപ്, പ്രൊഫ. ജോസ് വി. കോശി, ഫാ. ബിജു ആൻഡ്രൂസ്, ശ്രീ. ചെറിയാൻ വർഗീസ്, ശ്രീ. തങ്കച്ചൻ കൊല്ലമല

## മനനമാധുര്യം

# പി.സി. ഏബ്രഹാം പിരിയുന്നു



ഡോ. യാക്കോബ് മാർ ഐറേനിയസ്

**കാ**ലങ്ങൾ പിന്നിടുംതോറും നേതൃസ്ഥാനങ്ങളുടെ മാന്യതയ്ക്കും മഹിമയ്ക്കും ശ്ലാനി സംഭവിക്കുന്നു എന്നത് പൊതുവിൽ നിലനില്ക്കുന്ന ഒരാക്ഷേപമാണ്. അന്തരിച്ച ശ്രീ. പി.സി. ഏബ്രഹാം അന്തസ്സിന്റെയും മാന്യതയുടെയും, സഭാസ്നേഹത്തിന്റെയും ഉദാത്ത മാതൃകയായിരുന്നു. അവസാനം വരെയും സഭയിലും സമൂഹത്തിലും സർവ്വാത്മനാ ഉൾപ്പെട്ടു നിൽക്കാൻ ഈ മഹാത്മാവിനു നിയോഗവും ഭാഗ്യവുമുണ്ടായി. അഞ്ചു അമരക്കാരിൽ ഒരാളായി അദ്ദേഹം ഉയർന്നുനിന്നു. മലങ്കര സഭയുടെ ഭാഗ്യമായിരുന്ന ഉന്നത നിലവാരമുള്ള സഭാനേതൃത്വത്തിലെ ഒരപൂർവ്വ കണ്ണിയായി അദ്ദേഹം എന്നും ഓർക്കപ്പെടും. ഇത്തരം കണ്ണികൾക്കു വംശനാശം നേരിടുന്നു എന്നത് സഭയുടെ ദൗർഭാഗ്യം.

ഏതുമനുഷ്യനും കുറവും ദൗർബല്യങ്ങളുമുണ്ടാവും. എങ്കിലും ഏറ്റെടുക്കുന്ന നിയോഗങ്ങളിൽ പ്രതിഫലേച്ഛകൂടാതെ, പരമാവധി പ്രതിഷ്ഠാബോധത്തോടും, ആഭിജാത്യത്തോടും ദീർഘനാൾ നിലനില്ക്കുന്നത് ഒരു സൗഭാഗ്യം തന്നെ. ആരോഗ്യത്തിന്റെ നിറവിൽ, മലങ്കര സഭയുടെ ആത്മീക പൗരുഷത്തിന്റെയും സ്വർഗ്ഗീയ അന്തസ്സിന്റെയും കണ്ണാടിയായിരുന്നു അവറാച്ചൻ. കല്ലാച്ചേരിൽ ബാവായുടെ ആശീർവ്വാദമാവണം അദ്ദേഹത്തിനു വഴിത്തിരിവായത്. ദേവലോകം വാങ്ങുന്നിടത്തുനിന്ന് അദ്ദേഹത്തിന്റെ സേവനചരിത്രം തുടങ്ങുന്നു. അവസാന ശ്വാസംവരെ ദേവലോകത്തെ ശുദ്ധവായു ശ്വസിച്ചുകൊണ്ട് അദ്ദേഹം ജീവിച്ചു. ആരോഗ്യം ക്ഷയിച്ചിട്ടും, സഭയുടെ ഏതു കർമ്മരംഗവും – ഏറ്റവും ഒടുവിൽ നടന്ന അസോസിയേഷൻ യോഗം വരെ– ഒരു തരം 'അവറാച്ചൻ മയ'മായിരുന്നു. വിലകുറഞ്ഞ ഒരു പദമോ ഉതിർന്നു വീഴാത്ത ആ അധരങ്ങൾ സഭാപിതാക്കന്മാരെപ്പറ്റി ഭക്തിയോടെ മാത്രമെ സംസാരിച്ചിട്ടുള്ളു.

ഒരു സമയത്ത് ശ്രീ. കെ.എം. മാത്യുവിനോടൊപ്പം സഭയുടെ അടിയന്തിരാവശ്യങ്ങൾ നിറവേറ്റുന്നതിൽ ശ്രീ. പി.സി. ഏബ്രഹാം എന്നും സന്നിഹിതനായിരുന്നു. എം.എം. തോമസിന്റെ സഭ എന്നു പറഞ്ഞുകേട്ടിരുന്നതുപോലെ, ഡോ. പി.സി. അലക്സാണ്ടർ, ശ്രീ. കെ.എം. മാത്യു, ശ്രീ. പി.സി. ഏബ്രഹാം പടിഞ്ഞാറേക്കര എന്നിവർ മലങ്കരസഭയുടെ ആത്മായനേതൃത്വത്തിന്റെ മുഖശോഭയായിരുന്നു. അവർ സഭയുടെ മുൻനിരയിലെ icons ആയിരുന്നു എന്നതാണ് സത്യം.

> **അദ്ദേഹത്തിന്റെ തിരോധാനം മൂലം സഭയുടെ മുഖത്തിനു അല്പം വ്യതിയാനം വന്നോ എന്തോ? അങ്ങനെ സഭയുടെ ദൃഢതയുടെയും അന്തസ്സിന്റെയും ഒരു മുഖംകൂടി തിരോധാനം ചെയ്യുന്നു!**

വിലകുറഞ്ഞ രാഷ്ട്രീയശൈലികളും, തൽക്കാല ലാഭത്തിനു വേണ്ടിയുള്ള അന്തസ്സില്ലാത്ത പ്രവർത്തന ശൈലികളും അവറാച്ചൻ അവലംബിച്ചില്ല. കുടുംബമഹിമയും, ബിസിനസിലെ അനുഭവങ്ങളും മഹാരഥന്മാരായ സഭാപിതാക്കന്മാരുടെ അനുഗ്രഹ ആശീർവാദങ്ങളും അദ്ദേഹത്തിന് ഉറച്ച ഈടുവയ്പ്പുകളായിരുന്നു. സ്നേഹവാത്സല്യങ്ങളോടു കൂടിമാത്രം പെരുമാറാനും അന്തസ്സായി ഇടപെടാനും, അസൂയയും ധാർഷ്ഠ്യവും ലേശാതെ പ്രവർത്തിക്കാനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. എല്ലാവർഷവും ഒരു ഡയറിയും ഒരു പിടി സ്നേഹവും അവറാച്ചനിൽ നിന്നും ലഭിയ്ക്കുമെന്നത് ഉറപ്പായിരുന്നു. അദ്ദേഹത്തിന്റെ തിരോധാനം മൂലം സഭയുടെ മുഖത്തിനു അല്പം വ്യതിയാനം വന്നോ എന്തോ? അങ്ങനെ സഭയുടെ ദൃഢതയുടെയും അന്തസ്സിന്റെയും ഒരു മുഖംകൂടി തിരോധാനം ചെയ്യുന്നു!

പരിശുദ്ധ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ കബറടക്ക ശുശ്രൂഷയ്ക്ക് സാക്ഷിയായിരുന്നവരുടെ നിരയിൽ നിന്നും ഒരു മലർകൂടി അടർന്നു വീണിരിക്കുന്നു.

സഭാസ്നേഹം, സഭാസേവനം ഇത്യാദികൾക്കെല്ലാം മങ്ങമറയുന്ന ഈ വലിയ വ്യക്തികളുടെ ചരിത്ര പശ്ചാത്തലത്തിൽ നവനിർവചനങ്ങൾ രചിക്കാൻ നാം ബാദ്ധ്യസ്ഥരാണ്. സ്ഥാനമാനങ്ങളേക്കാൾ സഭയുടെ മേൽഗതിയാണ് അവരെ മുമ്പോട്ടു നയിച്ച പ്രചോദനം. ഒന്നും 'ചെറുതാ'യി കാണുന്നവരായിരുന്നില്ല അവർ. സഭയുടെ സന്തോഷദു:ഖങ്ങളിലെല്ലാം അവരുടെ മന്ദഹാസങ്ങളും നെടുവീർപ്പുകളും കലർന്നിട്ടുണ്ട്. അവർക്ക് ഇതു സംബന്ധമായി പറയാൻ എത്ര കഥകൾ; ഉരുക്കഴിക്കാൻ എത്ര അപൂർവ്വ അനുഭവങ്ങൾ! ഇന്ന് നമുക്ക് അങ്ങനെ കഥകളില്ല; കഥ പറയാനുമറിയില്ലെന്നു തോന്നുന്നു.

രണ്ടു തലമുറയിൽ അനിഷേധ്യനേതൃത്വം നൽകിയ ധീരസേനാനിയായ പടിഞ്ഞാറേക്കര അവറാച്ചന് നിത്യ ശാന്തി നേരട്ടെ!●

# എപ്പിസ്കോപ്പൽ നാമങ്ങൾ : അന്തീമോസും യൂലിയോസും പരിഗണിക്കണം

വർഗീസ് ജോൺ, തോട്ടപ്പുഴ

കോട്ടയം ഇടവഴീയ്ക്കൽ ഫീലിപ്പോസ് കോർഎപ്പിസ്കോപ്പ സുറിയാനിയിൽ തയ്യാറാക്കിയ 'യാക്കോബായ സുറിയാനി സഭയുടെ സ്വരൂപം' എന്ന ഗ്രന്ഥത്തിൽ മലങ്കരസഭയുടെ വിശ്വാസം, ആചാരം, ചരിത്രം തുടങ്ങിയവയെക്കുറിച്ചെല്ലാം ചോദ്യോത്തര രൂപത്തിൽ വിശദീകരിക്കുന്നു. മലങ്കര നസ്രാണികളാൽ വിരചിക്കപ്പെട്ട ഇത്തരം ഗ്രന്ഥങ്ങളിൽ ആദ്യത്തേതാണെന്നു ഇതിനെക്കുറിച്ചു പറയാം. ഇതിന്റെ ഇംഗ്ലീഷ് പരിഭാഷ 1869ൽ ഇംഗ്ലണ്ടിൽ പ്രസിദ്ധീകരിച്ചു. ഇടവഴീയ്ക്കൽ ഗീവർഗീസ് കത്തനാർ (പിന്നീട് ഗീവർഗീസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ) തയ്യാറാക്കിയ മലയാള പരിഭാഷ 1879ൽ പ്രസിദ്ധീകരിച്ചു. ഇടവഴീയ്ക്കൽ ശ്രീ. ഇ.എ. ഫിലിപ്പ് ആണ് വിവരങ്ങൾ തന്നു സഹായിച്ചത്.

മേൽപ്പട്ടക്കാരെ വാഴിക്കുമ്പോൾ സ്വന്തനാമം കൂടാതെ നൽകുന്ന എപ്പിസ്കോപ്പൽ നാമങ്ങളെപ്പറ്റി ഈ ഗ്രന്ഥത്തിൽ പറയുന്ന വിവരണമാണ് താഴെ കൊടുത്തിരിക്കുന്നത്.

ചോദ്യം – മേല്പട്ടക്കാർക്കു സ്വന്തനാമം കൂടാതെ വിശേഷാൽ പേരുകൾ കൊടുക്കുന്നുണ്ടൊ?

ഉത്തരം – ശുദ്ധമുള്ള പത്രോസ് ശ്ലീഹായുടെ മരണശേഷം അന്ത്യോഖ്യാസിംഹാസനത്തിലേക്കു നിയമിക്കപ്പെട്ട മേല്പട്ടക്കാരൻ മിശിഹാ കർത്താവു കൈയ്യിൽ എടുത്തു

*(ശേഷം 3–ാം പേജിൽ)*

## അകപ്പൊരുൾ

പോൾ മണലിൽ

# പള്ളിയിൽ വരുമ്പോൾ ധരിക്കുന്ന വസ്ത്രങ്ങൾ



അടുത്തയിടെ ഞാനൊരു ശവസംസ്കാര ചടങ്ങിൽ പങ്കെടുക്കാൻ പോയി. മൃതദേഹം പള്ളിയിൽ കൊണ്ടുവന്നു. ധാരാളം ആളുകൾ പങ്കെടുത്ത ഒരു ശവസംസ്കാര ശുശ്രൂഷയായിരുന്നു അത്. മൃദേഹം കാണാൻ വന്നവർ പരേതാത്മാവിനു അന്ത്യോപചാരം അർപ്പിച്ചിട്ട് മാറിനിന്നപ്പോൾ എല്ലാവരുടെയും ശ്രദ്ധാകേന്ദ്രമായി മാറിയതു ഒരു യുവതിയായിരുന്നു. ഏതെങ്കിലും സൗന്ദര്യമത്സരത്തിൽ കിരീടം നേടിയ പെണ്ണൊന്നുമല്ല. എന്നാൽ പള്ളിയിൽ ഒരു സൗന്ദര്യമത്സരം നടക്കുന്ന മട്ടിലായിരുന്നു ആ യുവതിയുടെ വരവ്. പരേതാത്മാവിനെപ്പോലും ഇക്കിളിപ്പെടുത്തുന്ന തരത്തിലുള്ള വേഷം. ശരീരത്തിൽ എത്രത്തോളം ഭാഗങ്ങൾ പ്രദർശിപ്പിക്കാൻ കഴിയുമെന്നു കാണിക്കുന്ന തലത്തിലുള്ള വേഷമായിരുന്നു അവരുടേത്.

ഞാനിതു പറയുമ്പോൾ സ്ത്രീകൾ എന്നോട് പരിഭവിക്കരുത്. ഞാനവരുടെ വേഷസ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യാൻ പോകുകയല്ല. എന്നാൽ പള്ളിയിലും മരണ വീട്ടിലും മറ്റും പോകുമ്പോൾ സ്ത്രീകൾ വസ്ത്രധാരണത്തിൽ ഔചിത്യം കാണിക്കാൻ സന്മനസ്സുകാണിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. ഞായറാഴ്ച പള്ളിയിൽ പോകുന്നതു സൗന്ദര്യമത്സരത്തിൽ പങ്കെടുക്കുന്ന മനസ്സോടെ ആകാൻ പാടില്ല. പരുമലയിലെ കബറിങ്കൽ പ്രാർത്ഥിക്കാൻ വന്നിരിക്കുമ്പോൾ ആളുകളുടെ ശ്രദ്ധ പതറുന്ന തരത്തിലുള്ള വേഷം ധരിച്ചുവരുന്നതു ഔചിത്യക്കേടാണ്. പലജാതിമതസ്ഥർ നമ്മുടെ പള്ളികളിൽ നടക്കുന്ന വിവാഹശുശ്രൂഷയിൽ പങ്കെടുക്കാൻ വരുമ്പോൾ അവരുടെ മുമ്പിൽ 'മിനിമം' തുണി ഉപയോഗിച്ചുള്ള വസ്ത്രങ്ങൾ ധരിക്കുന്നതും ശരീരത്തിന്റെ മാദകസ്വഭാവം പ്രദർശിപ്പിക്കുന്ന തരത്തിൽ അണിഞ്ഞൊരുങ്ങുന്നതും ഉചിതമാണോ?

പ്രദർശനപരത നമ്മുടെ സ്ത്രീകളെയും ബാധിച്ചു തുടങ്ങിയിരിക്കുന്നു. സ്ത്രീകളും പുരുഷന്മാരും നന്നായി വസ്ത്രം ധരിക്കുന്നതു അവരുടെ വ്യക്തിത്വത്തിന്റെയും അന്തസ്സിന്റെയും സൂചനയാണ്. നല്ല രീതിയിലുള്ള വസ്ത്രധാരണം അവർക്കു ആത്മവിശ്വാസം പകരുന്ന ഒരു കാര്യമാണ്. ഒരാൾ നന്നായി വസ്ത്രം ധരിക്കുന്നതു അവരവർക്കു വേണ്ടി മാത്രമല്ല; മറ്റുള്ളവർക്കു വേണ്ടിയുമാണ് എന്നുവച്ചാൽ സ്ത്രീകൾ മാന്യമായി വസ്ത്രം ധരിക്കുന്നതു മറ്റുള്ളവർക്കു കാണാൻ വേണ്ടിയാണെന്നല്ല ഞാൻ ഉദ്ദേശിക്കുന്നത്. ഒരാൾ നന്നായി വസ്ത്രം ധരിക്കുന്നതു മറ്റുള്ളവരെ ആദരിക്കാൻ കൂടിയാണ്. ഒരു സമൂഹത്തിൽ ജീവിക്കുമ്പോൾ അങ്ങനെയാണ്. വേഷത്തിലൂടെ നാം മറ്റുള്ളവരെ ആദരിക്കണം; ബഹുമാനിക്കണം. നമ്മൾ അന്തസ്സ് ഉയർത്തിപ്പിടിക്കണം.

> **ഞായറാഴ്ച പള്ളിയിൽ പോകുന്നതു സൗന്ദര്യമത്സരത്തിൽ പങ്കെടുക്കുന്ന മനസ്സോടെ ആകാൻ പാടില്ല. പരുമലയിലെ കബറിങ്കൽ പ്രാർത്ഥിക്കാൻ വന്നിരിക്കുമ്പോൾ ആളുകളുടെ ശ്രദ്ധ പതറുന്ന തരത്തിലുള്ള വേഷം ധരിച്ചുവരുന്നതു ഔചിത്യക്കേടാണ്.**

ഞാൻ സ്ത്രീകളെ മാത്രം കുറ്റപ്പെടുത്തുകയാണെന്നു തോന്നരുത്. ഒരു ദു:ഖവെള്ളിയാഴ്ച പള്ളിയിൽ ചെന്നപ്പോൾ എന്റെ കൂട്ടുകാരന്റെ മകൻ ജീൻസും, ടി ഷർട്ടും അണിഞ്ഞു വന്നിരിക്കുന്നു. ചെറുപ്പക്കാർ ഇത്തരം വേഷങ്ങൾ ധരിക്കരുതെന്നല്ല ഞാൻ പറയുന്നത്. ആ ചെറുപ്പക്കാരൻ അന്ന് പള്ളിയിൽ അണിഞ്ഞ ടി ഷർട്ടിൽ വാലന്റൈൻ ദിനത്തിൽ പറയേണ്ട വാക്കുകളാണ് എഴുതിവച്ചിരിക്കുന്നത്. പള്ളിയിൽ വരുമ്പോൾ പുരുഷന്മാരും മാന്യത കാണിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

ഞാനൊരു പഴഞ്ചൻ നാട്ടിൻപുറത്തുകാരനായതുകൊണ്ട് പറയുകയാണ്, മക്കളെ പള്ളിയിലേക്ക് അയയ്ക്കുമ്പോൾ അവരുടെ വേഷങ്ങൾ സന്ദർഭത്തിന്റെ അന്തസ്സിനു ചേർന്നതാണോയെന്ന് നമ്മുടെ മാതാപിതാക്കൾ ഒന്നു ശ്രദ്ധിക്കണം.

പള്ളിയിൽ പോകുമ്പോൾ മാത്രമല്ല പൊതുചടങ്ങിൽ പോകുമ്പോഴും പെൺകുട്ടികൾ മാന്യമായ വസ്ത്രം ധരിക്കണം. സ്കൂളിൽ പോകുമ്പോൾ വസ്ത്രധാരണത്തിൽ ചിട്ടകൾ പാലിക്കാൻ നമ്മൾ സന്നദ്ധരാണെങ്കിൽ പള്ളിയിൽ പോകുമ്പോൾ എന്തുകൊണ്ടാണ് അത്തരം നിഷ്ക്കർഷത പാലിക്കാൻ മടിക്കുന്നത്? പള്ളിയിൽ വരുന്ന സ്ത്രീകളെല്ലാം ചട്ടയും മുണ്ടും ധരിക്കണമെന്നല്ല ഞാൻ പറയുന്നത്. വിശുദ്ധ കുർബ്ബാന സ്വീകരിക്കാൻ ഇറുകിയ ജീൻസും ടോപ്പും ധരിച്ചൊരു യുവതി അണിയിൽ നീങ്ങുന്നതു കണ്ടപ്പോൾ ഫാഷൻഷോയിൽ പങ്കെടുക്കുന്നതിനു നടന്നു പോകുന്ന മട്ടായിരുന്നു അവൾക്ക്. വസ്ത്രധാരണം കൊണ്ടും വിശുദ്ധ കുർബ്ബാനയോട് നാം ആദരവ് പുലർത്തണം.

ഒരു കല്യാണത്തിനു പള്ളിയിൽ പോയപ്പോൾ പെണ്ണിന്റെ പിന്നിൽ നിൽക്കുന്ന സ്ത്രീയുടെ വേഷം കണ്ടിട്ട് എല്ലാവരും ചിരിക്കുന്നതു കണ്ടു. ബ്ലൗസിനു എത്രത്തോളം ഇറക്കം വേണമെന്നു കർത്താവ് പറഞ്ഞിട്ടില്ലെങ്കിലും ഭർത്താവിനു അതു പറയാവുന്നതാണ്. മാറുമറയ്ക്കാൻവേണ്ടി സമരം ചെയ്ത സ്ത്രീകളുടെ നാടാണ് നമ്മുടേത്. പള്ളിയിൽ പോകുമ്പോഴെങ്കിലും അക്കാര്യം നാം ഓർക്കുന്നത് നന്ന്. എല്ലാ സ്ത്രീകളും മോശമായി വസ്ത്രം ധരിച്ചാണ് വരുന്നതെന്ന അർത്ഥത്തിലല്ല ഞാനിതു പറയുന്നത്. സഭ്യമേത്, അസഭ്യമേത് എന്നുള്ള വകതിരിവില്ലാതെ പെൺകുട്ടികൾ വസ്ത്രം ധരിച്ചു തുടങ്ങിയിരിക്കുന്ന ഇക്കാലത്തു സഭ്യതയുടെ അതിർവരമ്പുകൾ നിശ്ചയിക്കാൻ ഞാൻ ആളല്ലെങ്കിലും പള്ളിയിലും മരിച്ചവീട്ടിലും കല്യാണത്തിനും മറ്റും പോകുമ്പോൾ വസ്ത്രധാരണത്തിൽ സ്ത്രീകൾ കുറെക്കൂടി ഔചിത്യം കാണിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. അതിർവരമ്പുകൾ ഒരു സംസ്കാരമാണെന്നു തിരിച്ചറിയുക. ●

---

# ധന്യനായ് ധനവാൻ

പ്രൊഫ. പി.സി. ഏലിയാസ്



*പി.സി. ഏബ്രഹാം പടിഞ്ഞാറേക്കര*

ധനവാന്മാർ പലരുമുണ്ട്. പക്ഷെ ധന്യരായ ധനവാന്മാർ ചിലർ മാത്രം. അവരിലൊരാളായിരുന്ന അവറാച്ചായൻ എന്ന പ്രിയനാമത്തിൽ അറിയപ്പെട്ടിരുന്ന ശ്രീ. പി. സി. ഏബ്രഹാം പടിഞ്ഞാറേക്കര. ബുദ്ധിപൂർവ്വം മുതൽ മുടക്കുന്നവർക്ക് ധനം സമ്പാദിക്കാം. പക്ഷെ വിവേകപൂർവ്വം മനുഷ്യത്വത്തോടെ ധനം വിനിയോഗിക്കുന്നവർ മാത്രമെ, ധന്യരാകുകയുള്ളൂ.

ഉദാരനായ മനുഷ്യൻ സമ്പന്നാകുന്നു എന്ന് സങ്കീർത്തനക്കാരൻ പറഞ്ഞത് അവറാച്ചായന്റെ കാര്യത്തിൽ അന്വർത്ഥമാണ്. ഉദാരമതിയും സമ്മതനുമായ സമ്പന്നനായിരുന്നു അദ്ദേഹം. 'സമ്പത്ത്' എന്നത് പണം മാത്രമല്ല. സമയം, സ്ഥലം, സൗകര്യങ്ങൾ, സ്വാധീനം, അധികാരം, പദവി, പ്രശസ്തി, വ്യക്തിപരമായ കഴിവുകൾ ഇവയെല്ലാം പങ്കുവയ്ക്കാൻ തയ്യാറാകുന്നവനാണ് യഥാർത്ഥ സമ്പന്നൻ. സ്വന്ത ആവശ്യങ്ങൾ എല്ലാം നിറവേറ്റിക്കഴിഞ്ഞ് അപരന്റെ ആവശ്യങ്ങൾ പരിഗണിക്കാമെന്ന മനോഭാവമുള്ളയാൾക്ക് സംതൃപ്തിയോടെ സന്തോഷിക്കനാവില്ല. അത്യാവശ്യം, ആവശ്യം, ആഗ്രഹം, ആർത്തി എന്നിവയുടെ തിരമാലകൾ ഒന്നിനു പിന്നാലെ ഒന്നായി ആഞ്ഞടിക്കും. എന്റെ ആഹാര കാര്യം എന്റെ ഭൗതീക പ്രശ്നമാണ്. അയൽക്കാരന്റെ ആഹാര കാര്യമാണ് എന്റെ ആത്മീയ പ്രശ്നം എന്ന തിരിച്ചറിവ് ഉണ്ടാകുമ്പോഴെ ധന്യനാകൂ.

വളരെ ഉയർന്ന 'Happiness Quotient' (H.Q.) ഉള്ളയാളായിരുന്നു അവറാച്ചായൻ. സ്വയം സന്തോഷിക്കുകയും സഹജീവികളിലേക്ക് സന്തോഷപകരുകയും ചെയ്യുന്ന പ്രസാദാത്മകത അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ മുഖമുദ്രയായിരുന്നു.

അവറാച്ചായന്റെ നേതൃത്വം കൊണ്ടും പങ്കാളിത്തം കൊണ്ടും ധന്യമാക്കിയ പല സംരംഭങ്ങളുടെയും ഭാഗമാകാൻ കഴിഞ്ഞത് അഭിമാനപൂർവ്വം അനുസ്മരിക്കുന്നു. കോട്ടയം ബസേലിയോസ് കോളജിന്റെ ഉത്ഭവത്തിലും വളർച്ചയിലും ഉയർച്ചയിലും അദ്ദേഹം പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. 1969-ൽ കോളജ് ഗ്രൗണ്ട് നിർമ്മാണത്തിന് ധനശേഖരണാർത്ഥം അഖിലേന്ത്യാ ബാസ്ക്കറ്റ്ബോൾ ടൂർണ്ണമെന്റ്, സിൽവർ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് പ. മാത്യൂസ് പ്രഥമൻ ബാവായുടെ സ്മാരകമായി കോളജിന്റെ 4-ാം നിലയുടെ നിർമ്മാണം 1999-ൽ കോളജ് ഓഡിറ്റോറിയത്തിന്റെ പണി, കോട്ടയം എം.ഡി. സ്കൂൾ ശതാബ്ദി ആഘോഷവും സ്മാരക ബ്ലോക്കിന്റെ നിർമ്മാണം തുടങ്ങിയവ ചെറിയ ഉദാഹരണങ്ങൾ മാത്രം.

'ഓർമ്മയുടെ പൂക്കൾ' എന്ന ആത്മകഥയിൽ അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട് - സമയനിഷ്ഠയും സാമ്പത്തിക അച്ചടക്കവുമായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനവിജയ രഹസ്യം. അതാണ് അടുത്ത തലമുറ പഠിക്കേണ്ട പാഠം.

'എടുത്തതിലേറെ കൊടുത്ത്' പ്രവർത്തിച്ച അംഗങ്ങളിലൊക്കെ പ്രഭവിതറിയ അവറാച്ചായനെക്കുറിച്ച് മലങ്കര സഭ കണ്ടിട്ടുള്ളവരിലേറ്റവും മഹാനായ ദാർശനികൻ. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ഒരിക്കൽ ചോദിച്ചു: "സഭയ്ക്കുവേണ്ടി ഇത്രയും സമയം ചെലവഴിക്കാൻ ഏതൊരു അത്മായക്കാരന് കഴിയും"? ●

---

## എപ്പിസ്കോപ്പൽ നാമങ്ങൾ : അന്തീമോസും യൂലിയോസും പരിഗണിക്കണം

*(3-ാം പേജ് തുടർച്ച)*

അനുഗ്രഹിച്ച പൈതലും (വി.മത്തായി 18:2; വി.മർക്കോസ്. 9:36) പിന്നീടു മാർ യോഹന്നാൻ ഏവൻഗേലീസ്ഥായുടെ ശിഷ്യനുമായിരുന്ന ഇഗ്നാത്തിയോസ് പരിശുദ്ധനായിരുന്നതിനാൽ ആ നാമപ്രകാരം അന്ത്യോഖ്യായിലെ എല്ലാ പാത്രീയർക്കീസന്മാരെയും മാർ ഇഗ്നാത്തിയോസ് എന്നു വിളിച്ചുവരുന്നു. മപ്രിയനാ ആയി വാഴിക്കപ്പെടുന്നവർക്കു ബസേലിയോസ് എന്നും ഊർശ്ലേമിലെ മെത്രാപ്പോലീത്തായായി വാഴിക്കപ്പെടുന്നവർക്കു ഗ്രീഗോറിയോസ് എന്നും പേർ കൊടുക്കുന്നു. മറ്റുള്ള മെത്രാന്മാർക്കു പാത്രീയർക്കീസിന്റെ ഇഷ്ടം പോലെ താഴെ പറയുന്ന പന്ത്രണ്ടു നാമങ്ങളിൽ ഓരോന്നു കല്പിച്ചു കൊടുക്കുന്നു.

(1) സേവേറിയോസ്, (2) ദീയസ്ക്കോറോസ്, (3) അത്താനാസ്യോസ്, (4) ദീവന്നാസ്യോസ്, (5) തീമോത്തിയോസ്, (6) ഒസ്താത്യോസ്, (7) യൂലിയോസ്, (8) പീലക്സീനോസ്, (9) അന്തീമോസ്, (10) ക്ലീമ്മീസ്, (11) കൂറിലോസ്, (12) ഈവാനിയോസ്.

ചോദ്യം - ഈ സ്ഥാനങ്ങളും പേരുകളും കൊടുക്കപ്പെടുന്നത് ഏതു സമയത്താകുന്നു?

ഉത്തരം - പട്ടത്വത്തിനു അടുത്ത എല്ലാ സ്ഥാനമാനങ്ങളും പേരുകളും കുർബ്ബാന സമയത്തു അത്രെ കൊടുക്കുന്നത്.

ചോദ്യം - ഊർശ്ലേമിലെ മേല്പട്ടക്കാരന്, ശേഷം മേല്പട്ടക്കാരെക്കാൾ സ്ഥാനത്തിലൊ അധികാരത്തിലൊ വല്ല വലിപ്പവുമുണ്ടൊ?

ഉത്തരം - സ്ഥാനത്തിലും അധികാരത്തിലും യാതൊരു വലിപ്പവുമില്ല. എങ്കിലും ശുദ്ധമുള്ള പട്ടണത്തിന്റെ മെത്രാപ്പോലീത്താ ആകകൊണ്ട് പൊതുവിലെ മേല്പട്ടക്കാരനും ശ്രേഷ്ടനുമെന്നു വിചാരിക്കപ്പെടുന്നതു കൂടാതെ അഞ്ചാം പാത്രിയർക്കീസ് എന്നു പേർ പറകകൂടി ചെയ്യുന്നു.

മുകളിൽ പറയുന്ന 12 പേരുകളിൽ "മാർ അന്തീമോസ്" എന്ന പേര് മലങ്കര സഭയിൽ ആർക്കും നൽകിയിട്ടില്ല. അന്ത്യോഖ്യൻ സഭയിലും അടുത്ത കാലത്ത് ആർക്കും നൽകിയതായി അറിവില്ല. അഞ്ചാം തുബ്ദേനിൽ പേരു പറഞ്ഞിരിക്കുന്ന അന്തീമോസ് (Anthimos / Anthimus AD 535 - 536) കോൺസ്റ്റാന്റീനോപ്പിളിലെ 54-ാമത്തെ പാത്രിയർക്കീസായിരുന്നു.(മലങ്കര സഭാ വിജ്ഞാന കോശം പേജ് 25, 26 കാണുക)

കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് (1876 – 1883), അൽവാറീസ് മാർ യൂലിയോസ് (1889 – 1923) എന്നിവർക്കു ശേഷം "മാർ യൂലിയോസ്" എന്ന പേര് മലങ്കര സഭയിൽ ആർക്കും നൽകിയിട്ടില്ല. യാക്കോബായ വിഭാഗത്തിൽ അന്ത്യോഖ്യൻ പ്രതിനിധി ഏലിയാസ് മാർ യൂലിയോസ് (1923 – 1962), യാക്കോബ് മാർ യൂലിയോസ് (1975 – 1992), കുറിയാക്കോസ് മാർ യൂലിയോസ് (1998 –), സീറോ-മലങ്കര റീത്തിൽ ഏബ്രഹാം മാർ യൂലിയോസ് എന്നിവരുണ്ട്. അഞ്ചാം തുബ്ദേനിൽ പേരു പറഞ്ഞിരിക്കുന്ന യൂലിയോസ് റോമിലെ 35-ാമത്തെ എപ്പിസ്കോപ്പാ (Pope Julius I AD 337 - 352) ആയിരുന്നു. അദ്ദേഹത്തിന്റെ വകയായ ഒരു കുർബാനക്രമം നമ്മുടെ തക്സായിലുണ്ട്. മലങ്കര സഭയിൽ 2010 മേയ് 12ന് ഏഴു മേൽപ്പട്ടക്കാരെ വാഴിക്കുമ്പോൾ അന്തീമോസ്, യൂലിയോസ് എന്നീ പേരുകൾ നൽകുന്നതു ഉചിതമാണെന്നു കരുതുന്നു. •

## വാർത്തകളിലെ വ്യക്തികൾ



ചെങ്ങന്നൂർ ഭദ്രാസന വൈദികസംഘം സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട റവ.ഫാ. ജോൺ പോൾ മുണ്ടക്കയം മുൻ ഭദ്രാസന സെക്രട്ടറിയും, സഭാ മാനേജിംഗ് കമ്മറ്റി അംഗവും, കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ വികാരിയുമാണ്.



ചെങ്ങന്നൂർ ഭദ്രാസന വൈദികസംഘം കേന്ദ്രപ്രതിനിധിയും, മദ്യവർജ്ജന പ്രസ്ഥാനം വൈസ് പ്രസിഡന്റ് ആയും തെരഞ്ഞെടുക്കപ്പെട്ട റവ.ഫാ. വൈ. തോമസ് ഉത്തരേന്ത്യയിലും വിദേശത്തും സേവനം അനുഷ്ഠിച്ച ബഹു. അച്ചൻ ഇപ്പോൾ ഉള്ളന്നൂർ സെന്റ് ജോർജ് പള്ളി വികാരിയാണ്.



എം.ജി. സർവ്വകലാശാലയുടെ ബി.ഫാം. പരീക്ഷയിൽ രണ്ടാം റാങ്ക് നേടിയ പുതുപ്പള്ളി എസ്.എം.ഇ. വിദ്യാർത്ഥിനി എത്സ വർഗീസ് വള്ളമല സെന്റ് മേരീസ് സെഹിയോൻ പള്ളി ഇടവകാംഗവും, വള്ളമല എം.ഡി.എം. സണ്ടേസ്കൂൾ അദ്ധ്യാപികയും ആണ്. കുന്നന്താനം കുമ്പളോലിക്കൽ പ്രൊഫ. ഡോ. പി.സി. വർഗീസിന്റെയും, പ്രൊഫ. മറിയാമ്മ ജോർജിന്റെയും മകളാണ്.



2009-ലെ അഖില മലങ്കര മത്സര പരീക്ഷയിൽ 6-ാം ക്ലാസ്സിൽ രണ്ടാം റാങ്ക് നേടിയ അമല അന്ന കോശി തുമ്പമൺ സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗവും, സെന്റ് ഗ്രീഗോറിയോസ് സണ്ടേസ്കൂൾ വിദ്യാർത്ഥിയും, പുത്തൻപുരയ്ക്കൽ ഡോ. കോശി പി. ജോർജിന്റെയും, ഡോ. മിനി ജോർജിന്റെയും മകളും ആണ്.

## വിദേശ വാർത്തകൾ

### എഡിൻബറോ സമ്മേളനം: ശതാബ്ദി ആഘോഷം ജൂണിൽ

ക്രൈസ്തവ സഭകളുടെ ആഗോള എക്യുമെനിക്കൽ സംഘടനകൾക്ക് തുടക്കം കുറിക്കാൻ പ്രോത്സാഹനവും പ്രേരണയും ആയി തീർന്ന 1910-ൽ എഡിൻബറോയിൽ നടന്ന ലോകമിഷൻ കോൺഫറൻസിന്റെ ശതാബ്ദി 2010 ജൂൺ 2 മുതൽ 6 വരെ ആചരിക്കും. ഡബ്ല്യു.സി.സി.യുടെ നേതൃത്വത്തിൽ നടക്കുന്ന സമ്മേളനത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 250 ക്രൈസ്തവ നേതാക്കൾ പങ്കെടുക്കും.

### സി.സി.എ.: ഡോ. ഹെൻറൈറ്റ് ജനറൽ സെക്രട്ടറി

ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യയുടെ (സി.സി.എ.) ജനറൽ സെക്രട്ടറിയായി ഡോ. ഹെൻറൈറ്റ് ഹുടാബറത്തിനെ തെരഞ്ഞെടുത്തു. ഏഷ്യയിലെ 100 അംഗസഭകൾ ഉൾപ്പെടുന്ന സംഘടനയാണ് സി.സി.എ., സി.സി.എ.യുടെ ആദ്യത്തെ വനിതാ ജനറൽ സെക്രട്ടറിയാണ് ഡോ. ഹെൻറൈറ്റ

### പ. അരാം കാതോലിക്കാ ഡബ്ല്യു.സി.സി. ജനറൽ സെക്രട്ടറിയെ സന്ദർശിച്ചു

അർമീനിയൻ സഭയുടെ പ. അരാം പ്രഥമൻ കാതോലിക്കാ ബാവാ ഡബ്ല്യു.സി.സി. ജനറൽ സെക്രട്ടറി ഓവ് ഫൈക്സ് റ്റ്വൈറ്റിനെ ഏപ്രിൽ ആറാം തീയതി സ്വീറ്റ്സർലൻഡിലെ എക്യുമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെത്തി സന്ദർശിച്ചു. എക്യുമെനിക്കൽ ദർശനങ്ങളും, മതാന്തരസംവാദത്തിന്റെ പ്രാധാന്യം തുടങ്ങിയവ ഇരു നേതാക്കളും പങ്കുവച്ചു.

### പ്രപഞ്ച കേന്ദ്രീകൃത നവആത്മീയത തേടുക: ലോക മാനവ സമ്മേളനം

പ്രകൃതി മനുഷ്യന് അധികാരം നടത്താനും, ചൂഷണം ചെയ്യാനുമുള്ള വസ്തുവാണെന്നുള്ള മനുഷ്യന്റെ മാനസിക കാഴ്ചപ്പാടിന്റെ ഫലമാണ് കാലാവസ്ഥ വ്യതിയാനം. മനുഷ്യ കേന്ദ്രീകൃതമായ ചില യഹൂദ-ക്രൈസ്തവ ആത്മീയ വ്യാഖ്യാനങ്ങൾ പ്രകൃതിയെ കരുണാഹീനമായി ചൂഷണം ചെയ്യുവാൻ പ്രേരണ നല്കി. പ്രകൃതിയുടെ സംരക്ഷകൻ എന്നതിനു പകരം മനുഷ്യൻ പ്രകൃതിയുടെ അധികാരിയായി മാറി കാലാവസ്ഥ വ്യതിയാനത്തെക്കുറിച്ച് ബൊളീവിയലിൽ നടത്തിയ ലോക മാനവ സമ്മേളനത്തിലാണ് ഈ പ്രഖ്യാപനങ്ങൾ ഉണ്ടായത്. ഭൂമിയിലെ മനുഷ്യരുടെ ഇടയിൽ സമന്വയത്തിന്റെ പരസ്പര ബഹുമാനത്തിന്റെയും നവ ആത്മീയത തേടാൻ സമ്മേളനം ആഹ്വാനം ചെയ്തു. ഡബ്ല്യു.സി.സി.യുടെയും, അമേരിക്കൻ കൗൺസിൽ ഓഫ് ചർച്ചസിന്റെയും, ആൻഡിയൻ എക്യുമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിയുടെയും പങ്കാളിത്തത്തോടു ഏപ്രിൽ 19 മുതൽ 22 വരെ നടത്തിയ സമ്മേനത്തിൽ പതിനായിരത്തിലധികം പ്രകൃതി സ്നേഹികൾ ഒത്തുചേർന്നു.

# സഹോദരനിൽ ദൈവത്തെ കാണണം: ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്



*പൗരസ്ത്യ ഓർത്തഡോക്സ് കാതോലിക്കേറ്റ് യൂണിയൻ സൊസൈറ്റിയുടെ 87-ാം സമ്മേളനം ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു.*

പത്തനംതിട്ട: സഹോദരനിൽ ദൈവത്തെ കാണാൻ കഴിയണമെന്നും അവന് കിടപ്പാൻ പാർപ്പിടവും ഭക്ഷിപ്പാൻ ആഹാരവും ഉടുക്കാൻ വസ്ത്രവും നൽകണമെന്നും ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ പറഞ്ഞു. മലങ്കര ഓർത്തഡോക്സ് സഭ പൗരസ്ത്യ കാതോലിക്കേറ്റ് യൂണിയൻ സന്നദ്ധ സുവിശേഷ സംഘത്തിന്റെ വാർഷിക സമ്മേളനം നന്നുവക്കാട് സെന്റ് ഗ്രീഗോറിയോസ് പള്ളിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു തിരുമേനി.

സഭാ മാനേജിംഗ് കമ്മറ്റി അംഗം ഡോ. റ്റി.എ. ജോർജ് മുഖ്യ പ്രഭാഷണം നടത്തി. വൈസ് പ്രസിഡന്റ് ഫാ. സാമുവേൽ ജോൺ തേവത്തുമണ്ണിൽ അനുസ്മരണ പ്രഭാഷണം നടത്തി. ഫാ. കെ.വി. സാമുവേൽ, ഫാ. ജോൺ വർഗീസ്, ഫാ. ജയിംസ് മാത്യു, ഫാ. സാം പി. ജോർജ്, ഫാ. ജോൺ പനാറയിൽ, ജെ. ഉണ്ണൂണ്ണി, ഇ.എം. ബേബി എന്നിവർ പ്രസംഗിച്ചു. സഭയിൽ നവീകരണ പ്രസ്താനക്കാരെ എതിർത്തു തോൽപ്പിക്കുവാൻ 87 വർഷങ്ങൾക്കു മുമ്പ് മലങ്കരസഭയുടെ തെക്കൻ ഭദ്രാസനങ്ങളിൽ ആരംഭിച്ച സന്നദ്ധ സുവിശേഷ സംഘടനയാണ് പൗരസ്ത്യ കാതോലിക്കേറ്റ് യൂണിയൻ സൊസൈറ്റി.

### പെരുന്നാളും, ക്യാൻസർ കെയർ ധനസഹായവും

തിരുവനന്തപുരം: നന്ദൻകോട് സെന്റ് ഗ്രീഗോറിയോസ് പള്ളിയിൽ വി. ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാളും, ക്യാൻസർ കെയർ സഹായവിതരണവും മെയ് 1 മുതൽ 3 വരെ നടക്കും. സുവിശേഷയോഗം, ധ്യാനയോഗം, റാസ എന്നിവ പെരുന്നാളിനോടനുബന്ധിച്ച് നടത്തപ്പെടും. ഉള്ളൂർ കാരുണ്യ ഗൈഡൻസ് സെന്ററിൽ വച്ച് ക്യാൻസർ രോഗികൾക്ക് 3 ലക്ഷം രൂപ ധനസഹായം വിതരണം ചെയ്യുന്നതുമാണ്. പൊതുയോഗത്തിൽ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് എന്നീ മെത്രാപ്പോലീത്താമാരും തിരുവനന്തപുരം സിറ്റി മേയർ സി. ജയൻബാബു, നിയമമന്ത്രി എം. വിജയകുമാർ, ആർ.സി.സി. ഡയറക്ടർ ഡോ. പോൾ സെബാസ്റ്റ്യൻ, ജോൺ മുണ്ടക്കയം, മറിയാമ്മ ഉമ്മൻ ചാണ്ടി, കെ. വി. തോമസ്, ഫാ. ടെ.ജെ. അലക്സാണ്ടർ, വി.ജി. ഏബ്രഹാം എന്നിവർ പങ്കെടുക്കും.

### കായംകുളം കാദീശാപള്ളി: വിഘടിതവിഭാഗത്തിന്റെ ഹർജി തള്ളി

കായംകുളം കാദീശാ ഓർത്തഡോക്സ് പള്ളിയെ കത്തീഡ്രലായി പരിശുദ്ധ കാതോലിക്കാ ബാവാ ഉയർത്തിയതിനെതിരെ വിഘടിതവിഭാഗം നൽകിയ ഹർജ്ജി മാവേലിക്കര സബ്കോടതി തള്ളി. കായംകുളം കാദീശാ ഓർത്തഡോക്സ് പള്ളി 1934-ലെ ഭരണഘടനാപ്രകാരം ഓർത്തഡോക്സ് സഭയുടെ ഭരണത്തിൻ കീഴിൽ ഇരിക്കുന്നതിനാലും വിഘടിതവിഭാഗം മറ്റൊരു പള്ളി വച്ച് അവിടെ ആരാധന നടത്തിവരുന്നതിനാലും നിരോധന ഹർജി നിലനിൽക്കില്ല എന്ന് വിധിയിൽ പറയുന്നു. കാദീശാ ഓർത്തഡോക്സ് കത്തീഡ്രലിനുവേണ്ടി അഡ്വ. ജോസഫ് ജോൺ ഹാജരായി.

### മുൻ സഭാ ട്രസ്റ്റി പി.സി. ഏബ്രഹാമിന് ആദരവോടെ വിട

(1-ാം പേജ് തുടർച്ച)

ജോൺസ് ഏബ്രഹാം കോനാട്ട്, എം.ജി. ജോർജ് മുത്തൂറ്റ്, ഡോ. ജോർജ് ജോസഫ് സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ തുടങ്ങിയവരും, കലാ-സാംസ്കാരിക രംഗത്തെ ഒട്ടനവധി പ്രമുഖരും പങ്കെടുത്തു. അന്തരിച്ച പി.സി. ഏബ്രഹാം പടിഞ്ഞാറേക്കരയുടെ വേർപാടിൽ അനുശോചിക്കാനായി കോട്ടയം ദർശനാ ഓഡിറ്റോറിയത്തിൽ ചേർന്ന യോഗം ബിഷപ്പ് കുര്യാക്കോസ് മാർ സേവേറിയോസ് ഉദ്ഘാടനം ചെയ്തു. എക്യുമെനിക്കൽ അസോസിയേഷൻ വൈസ് പ്രസിഡന്റ് ഏബ്രഹാം ഇട്ടിച്ചെറിയ അദ്ധ്യക്ഷത വഹിച്ചു. ഡോ. മാത്യൂസ് മാർ സേവേറിയോസ്, ക്നാനായ സുറിയാനി സഭയുടെ കുര്യാക്കോസ് മാർ സേവേറിയോസ് വലിയമെത്രാപ്പോലീത്താ, പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി, വി.എൻ. വാസൻ എം.എൽ.എ. തുടങ്ങിയവർ പ്രസംഗിച്ചു.

## ആദ്ധ്യാത്മിക സംഗമം നടത്തി

തുമ്പമൺ: സമൂഹത്തിലെ പരമാർത്ഥമായ സത്യങ്ങളെ കാണാനുള്ള കാതും കണ്ണും ഉണ്ടാകണമെന്നും മനുഷ്യൻ യഥാർത്ഥ സമാധാന സന്ദേശവാഹകരായിമാറണമെന്നും ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ പറഞ്ഞു. മലങ്കര ഓർത്തഡോക്സ് സഭയുടെ 1960-ാം വാർഷികവും കാതോലിക്കാദിനാഘോഷത്തിന്റെ ഭാഗമായി തുമ്പമൺ ബഥനി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ സംഘടിപ്പിച്ച ആദ്ധ്യാത്മിക സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു തിരുമേനി.

ഇടവകവികാരി ഫാ. സാമുവേൽ ജോൺ തേവത്തുമണ്ണിൽ അദ്ധ്യക്ഷത വഹിച്ചു. തുമ്പമൺ ഭദ്രാസന സുവിശേഷസംഘം ജന. സെക്രട്ടറി കെ.ജി. ജോയിക്കുട്ടി, ഭദ്രാസന സ്ത്രീസമാജം ജോ. സെക്രട്ടറി സാലി ജോസ്, അനു ഷാജി, മേരിക്കുട്ടി തോമസ്, പി.സി. മാത്യു, ജിബിൻ ജെയിംസ് മാത്യു, സ്റ്റെഫി തോമസ്, ജറിൽ ജോൺ, ജയിംസ് മാത്യു, എം.എം. സ്കറിയാ, ഷാജി പള്ളിക്കര എന്നിവർ പ്രസംഗിച്ചു.

## ചെങ്ങന്നൂർ ഭദ്രാസന സുവിശേഷം സംഘം ഭാരവാഹികൾ

ചെങ്ങന്നൂർ ഭദ്രാസന സുവിശേഷ സംഘം 2010-13-ലെ പുതിയ ഭാരവാഹികളെ ഭദ്രാസന മെത്രാപ്പോലീത്താ തോമസ് മാർ അത്തനാസിയോസ് നിയമിച്ചു.

സുവിശേഷസംഘം വൈസ് പ്രസിഡന്റായി ഫാ. രാജൻവർഗീസും, ജന. സെക്രട്ടറിയായി സി. കെ. റജി ആറ്റുവയും, സണ്ടേസ്കൂൾ വൈസ് പ്രസിഡന്റായി ഫാ. കുര്യൻ ജോസഫും, ബാലസമാജം വൈസ് പ്രസിഡന്റായി ഫാ. ഗീവർഗീസ് ശാമുവേലും, ജന. സെക്രട്ടറിമാരായി ബൈജു കെ. മാത്യു, ആനി കെ. തോട്ടുപുറം എന്നിവരും, യുവജനപ്രസ്ഥാനം വൈസ് പ്രസിഡന്റായി ഫാ. ജോസഫ് കുര്യാക്കോസും, ജന. സെക്രട്ടറിയായി ബിജു മാത്യു ഉള്ളന്നൂറും, ജോ. സെക്രട്ടറിയായി വി. ജി. ജോണും, എം.ജി.ഒ.സി.എസ്.എം. വൈസ് പ്രസിഡന്റായി ഫാ. ജോൺ പി. ഉമ്മനും, ജന. സെക്രട്ടറിയായി സജി പട്ടരുമഠവും, മർത്തമറിയം സമാജം വൈസ് പ്രസിഡന്റായി ഫാ. തോമസ് പി. നൈനാനും, ജന. സെക്രട്ടറിയായി ഷീലാ ജോർജിനെയും നിയമിച്ചു.

# വരിഞ്ഞവിള സെന്റ് ജോർജ് പള്ളി ക്രൈസ്തവ സഭയ്ക്കു മാതൃക: ഉമ്മൻ ചാണ്ടി

അതിപുരാതനവും പൗരാണികത്വവും പാരമ്പര്യവും സഭാസ്നേഹവും വിശ്വാസതീക്ഷ്ണതയും കൊണ്ട് പ്രശസ്തവും ജാതിമതഭേദമെന്യേ ഏവരുടെയും ആശ്വാസ കേന്ദ്രവുമായ വരിഞ്ഞവിള സെന്റ് ജോർജ് പള്ളി ക്രൈസ്തവസഭയ്ക്കുതന്നെ മാതൃകയാണെന്ന് പെരുന്നാളിനോടനുബന്ധിച്ചുകൊണ്ടുള്ള സാംസ്കാരിക സമ്മേളനം ഉദ്ഘാടനം ചെയ്തു കൊണ്ട് പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി പ്രസ്താവിച്ചു.

വ്യക്തികൾ തമ്മിൽ അകലുന്നത് കുടുംബങ്ങളുടെ ഐക്യം തകരുമെന്നതിനു കാരണമാകുമെന്നതിനാൽ പരസ്പര സഹകരണം ജീവിതവ്യതമാക്കി നിലനിർത്തണമെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാതിരുമേനി അനുഗ്രഹ പ്രഭാഷണത്തിൽ ഉത്ബോധിപ്പിച്ചു.

മാനുഷിക സേവനം നടത്തുന്ന സഭകൾ മതസൗഹാർദ്ദത്തിന്റെ ഈറ്റില്ലങ്ങളായി നിലകൊള്ളണമെന്ന് ഭദ്രദീപം തെളിയിച്ചുകൊണ്ട് ദേവസ്വംവകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ പ്രസ്താവിച്ചു.

ജാതിമതഭേദമെന്യേ കടന്നുവന്ന ആയിരക്കണക്കിന് ഭക്തജനങ്ങളെ സാക്ഷി നിർത്തി സമന്വയ സ്റ്റഡി സെന്ററിന്റെ ഉദ്ഘാടനം നിയമസഭാ സ്പീക്കർ കെ. രാധാകൃഷ്ണൻ നിർവ്വഹിച്ചു. ചടങ്ങിൽ ഡോ. തോമസ് മാർ അത്താനാസിയോസ്, വർക്കല ശിവഗിരിമഠം ജനറൽ സെക്രട്ടറി ബ്രഹ്മശ്രീ ഋതംബരാനന്ദ സ്വാമികൾ, ഡോ. ഡി. ബാബു പോൾ ഐ.എ.എസ്., ജസ്റ്റിസ് കെ. ജോൺ മാത്യു, എൻ. പീതാംബരക്കുറുപ്പ് എം.പി., ബി. രാഘവൻ എം.എൽ.എ., അബ്ദുൽ അസീസ്, ആർ. വേണുഗോപാൽ എന്നിവർ പ്രസംഗിച്ചു. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, സഖറിയാസ് മാർ അന്തോണിയോസ്, ഫാ. മാണി കെ. വർഗീസ്, വി.കെ. ജോർജ് മുതലാളി, വികാരി ഫാ. കോശി ജോർജ് വരിഞ്ഞവിള, സൂസൻ കോശി എന്നിവർ പ്രസംഗിച്ചു.

## CAMP FOR ORTHODOX LEADERSHIP TRAINING: COLT- 2010

**DATE :** May 30th – June 5th, 2010: **COST : Rs.2,500/- per head**
**AGE : 18 – 30 Years** (Upper age can be relaxed for deserving cases)
**VENUE :** Residential Program at Sophia Centre (Old Seminary Campus), Kottayam, followed by the 'Orthodox Christian Heritage Tour' by coach for 4 days .

Dear brother / sister in Jesus Christ,
This is the application form for a Training Camp for Youth. We look forward to having you with us during this unique venture and assume you have read the details. It will be conducted in English, it will be spiritual, fun, and something you have never experienced before in the Orthodox Church. For more effective organization and due to limited seats, it would be better if you could complete the enclosed application form, and send it **as early as possible, but before April 30th, 2010 to : MGOCSM Diaspora Secretariat, 116 Sadiqabad Colony, Nagpur – 440 030,** or send by **email to frpkuruvilla@gmail.com**

**Note: (1):** Please make a DD for Rs 2000/- in the name: "Orthodox Nectar for Young Christians" or "ONYX", payable at Kottayam -as an advance.
**(2):** On a separate page, write your suggestions in 100 words on either of the following (This will be evaluated to decide your application's acceptance): a) *Ways in which MGOCSM units can be made more effective* **or** b) *How the Church can encourage modern Youth towards a spiritual lifestyle*
**Both (1) &(2) must accompany your application form and reach us by 30/04/10**
**THIS CAMP CAN CHANGE YOUR LIFE. PREPARE FOR THIS. PRAY FOR IT**

Yours in Christ,
*Fr. Philip Kuruvilla*
**Director,ONYX**
116 Sadikabad Colony, Nagpur–440 030.
Mobile.No: 09823152313
Landline: 0712-2596844

## സന്ദേശം

### തൊഴിലാളികളുടെ ദു:ഖം അകറ്റുന്നതിന് സഭ മുൻകയ്യെടുക്കണം



വാത്സല്യ മക്കളേ,

ലോകരാഷ്ട്രങ്ങളിൽ മിക്കവാറും സാമ്പത്തീക പ്രതിസന്ധി നേരിടുമ്പോഴും നമ്മുടെ രാജ്യം 8.5 ശതമാനം സാമ്പത്തീക വളർച്ചനേടി എന്നത് അഭിമാനകരമാണ്. പക്ഷെ നമ്മുടെ കാർഷീകരംഗം അവഗണിക്കപ്പെടുന്നു. കാർഷീക മേഖലയെ പുനർജീവിപ്പിക്കുക കർഷകരെ പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ ഓരോ വർഷവും കാർഷീക രംഗത്ത് മികവ് തെളിയിക്കുന്ന 3 പേർക്ക് ഇടവക–ഭദ്രാസന–സഭാ തലങ്ങളിൽ കർഷക ശ്രേഷ്ഠ അവാർഡ് നൽകി ആദരിക്കുന്നതാണ്. ജൂൺ 6–ന് പരിസ്ഥിതിദിനമായി എല്ലാ പള്ളികളിലും ആചരിക്കുന്നു.

മേയ് 1–ന് ലോകമെമ്പാടും തൊഴിലാളിദിനമായി ആചരിക്കുകയാണല്ലോ. ഭൗതീകമായും ആത്മീയമായും അദ്ധ്വാനിക്കുന്നവരെയും ഭാരം ചുമക്കുന്നവരെയും അടുക്കലണച്ച് ആശ്വസിപ്പിക്കുന്ന കർത്തൃശുശ്രൂഷ സഭ തുടരേണ്ടതുണ്ട്. തൊഴിലാളികൾക്കും തൊഴിൽ തേടുന്നവർക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നതിനും അവരുടെ ദുരിതവും ദു:ഖവും അകറ്റുന്നതിനായുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും സഭാംഗങ്ങൾ മുൻകൈയെടുക്കണം.

മെയ് 12–ന് കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ നടക്കുന്ന മെത്രാഭിഷേക ശുശ്രൂഷയുടെ വിജയകരമായ നടത്തിപ്പിന് എല്ലാവരും മുട്ടിപ്പായി പ്രാർത്ഥിക്കണം.

ദൈവം അനുഗ്രഹിക്കട്ടെ.

## പരിസ്ഥിതി ദിനമായി ആചരിക്കും

കോട്ടയം: 2010 ജൂൺ 6 ഞായറാഴ്ച സഭാതലത്തിൽ പരിസ്ഥിതി ദിനമായി ആചരിക്കാൻ പരിശുദ്ധ കാതോലിക്കാ ബാവാതിരുമേനി ആഹ്വാനം ചെയ്തു. പരിശുദ്ധ സുന്നഹദോസിന്റെ തീരുമാനപ്രകാരം മിനിസ്ട്രി ഓഫ് ഹ്യൂമൻ എംപവർമെന്റിന്റെ നേതൃത്വത്തിൽ പരിസ്ഥിതിദിനത്തെ സംബന്ധിച്ചുള്ള ബോധവത്കരണ ക്ലാസ്സുകളും നടക്കും. വിശദാംശങ്ങൾക്ക് 0481 2572800

## കർഷക ശ്രേഷ്ഠ അവാർഡ്

കോട്ടയം: കാർഷിക മേഖലയിലുണ്ടായിരിക്കുന്ന തകർച്ചയെ ഉദ്ധരിക്കുക, കർഷകരെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി മലങ്കര ഓർത്തഡോക്സ് സഭ കാർഷിക രംഗത്ത് മികവ് തെളിയിക്കുന്ന മൂന്നു കർഷകർക്ക് അവാർഡ് നൽകി ആദരിക്കും. ഇടവക–ഭദ്രാസന,സഭാ തലങ്ങളിലായിരിക്കും തെരഞ്ഞെടുപ്പ്. പരിശുദ്ധ ബാവാതിരുമേനി ഇതുസംബന്ധിച്ച് കല്പന പുറപ്പെടുവിച്ചിട്ടുണ്ട്.

സഭാ വാർത്തകൾ
വേഗം അറിയാൻ..
വേഗത്തിലറിയാൻ...
മലങ്കര സഭാ പത്രിക
*വായിക്കുക..*
*വരിക്കാരാവുക...*

## പാത്താമുട്ടം സെന്റ് മേരീസ് ഒ.വി.ബി.എസ്. മാതൃകാ യൂണിറ്റ്



കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയിലെ ആയിരക്കണക്കിനു പള്ളികളിലെ ഒ.വി.ബി.എസ്. യൂണിറ്റുകളിലെ മാതൃകാ യൂണിറ്റാണ് പാത്താമുട്ടം സെന്റ് മേരീസ് ചാപ്പലിലെ ഒ.വി.ബി.എസ്. എന്ന് കേന്ദ്ര ജന. സെക്രട്ടറി ചെറിയാൻ തോമസ് പ്രഖ്യാപിച്ചു. പത്തുദിവസം നീണ്ട ഓ.വി.ബി.എസ്. സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വികാരി ഫാ. പി.എം. ഏബ്രഹാം അദ്ധ്യക്ഷത വഹിച്ചു. ഡോ. പി.ജെ. മാത്യു, ജോൺ ജോർജ്, വൈദികസെമ്മിനാരി വിദ്യാർത്ഥി സജു കെ. തോമസ്, സിനു ബിജേഷ്, ശാലിനി തോമസ് മാത്യു, കെ. ഐപ്പ് എന്നിവർ പ്രസംഗിച്ചു. സമാപന സമ്മേളനത്തിനു മുന്നോടിയായി നടന്ന റാലിയിൽ പ്രച്ഛന്നവേഷങ്ങൾ, വർണ്ണബലൂണുകൾ, ഫ്ളാഗുകൾ, മുൻവർഷത്തിലെ വിഷയങ്ങളുടെ പ്രദർശനങ്ങൾ, കേരളീയ വേഷങ്ങൾ ധരിച്ച് സഭാ പതാകയുമേന്തി അദ്ധ്യാപകരും അണി നിരന്ന വിവിധതരം ഫ്ളോട്ടുകളും റാലിയുടെ പകിട്ടു വർദ്ധിപ്പിച്ചു.

## ഇവർ വിരമിച്ചു

ഓർത്തഡോക്സ് സഭയുടെ കാതോലിക്കേറ്റ് & എം.ഡി. സ്കൂളുകളിൽ സേവനമനുഷ്ഠിച്ചിരുന്ന താഴെപ്പറയുന്ന അധ്യാപകർ 2010 മാർച്ചിൽ വിരമിച്ചു.

എലിസബത്ത് ജോസഫ്, സെന്റ് തോമസ് എച്ച്.എസ്. കാർത്തികപ്പള്ളി, വൽസ വർഗീസ്, സെന്റ് ബഹനാൻസ് എച്ച്.എസ്.എസ്. വെണ്ണിക്കുളം, എം.വി. ശോശാമ്മ, സെന്റ് പോൾസ് എച്ച്.എസ്., വാഴൂർ, ജി. ഗീവർഗീസ് പണിക്കർ, എം.ജി.ഡി. ബോയ്സ് എച്ച്.എസ്., കുണ്ടറ, പി.എസ്. ജേക്കബ്, എം.ഡി. സെമിനാരി എച്ച്.എസ്.എസ്. കോട്ടയം, കെ.വി. ഓമന, ആർ.എം.എച്ച്.എസ്.എസ്. വടവുകോട്, അലക്സ് പി. മാത്യു, എം.പി.എം.എച്ച്.എസ്. ചുങ്കത്തറ, കെ.പി. ശാന്തകുമാരി, എൽ.എം. എച്ച്.എസ്. വെൺമണി, പൊന്നമ്മ വർഗീസ്, എം.ജി.ഡി. ഗേൾസ് എച്ച്.എസ്. കുണ്ടറ, സാലി ഈപ്പൻ, എം.ജി.എച്ച്.എസ്.എസ്. തുമ്പമൺ, മേരി ജോസ്, എം.ജി.ഡി.എച്ച്.എസ്., പുതുശ്ശേരി, ജെയ വർഗീസ്, സെന്റ് ബഹനാൻസ് എച്ച്.എസ്.എസ്. വെണ്ണിക്കുളം, അന്നമ്മ തോമസ്, സെന്റ് ബഹനാൻസ് എച്ച്.എസ്.എസ്. വെണ്ണിക്കുളം, എസ്. രാധാകൃഷ്ണൻ, എം.എസ്.എസ്. റ്റി.റ്റി.ഐ. തഴക്കര, പി.പി. ആൽവി, എം.പി.എം.എച്ച്.എസ്. ചുങ്കത്തറ, മറിയാമ്മ ചാണ്ടി എം.ഡി. സെമിനാരി എച്ച്.എസ്., കോട്ടയം, മാത്യു വർഗീസ്, എം.എസ്.എസ്.എച്ച്.എസ്. തഴക്കര, കെ.യു. എലിസബത്ത് എം.എസ്.എസ്. എച്ച്.എസ്., തഴക്കര, എം. അന്നമ്മ, എം.ജി.ഡി. ഗേൾസ് എച്ച്.എസ്., കുണ്ടറ, ജെ. ലൈല എം.ഡി. യു.പി. സ്കൂൾ, വള്ളാറമേമല, കെ.പി. സരസ്വതിയമ്മ, സെന്റ് തോമസ് യു.പി. സ്കൂൾ, ഇരവിനല്ലൂർ, ആർ. ഭാവമ്മ, സെന്റ് തോമസ് എച്ച്.എസ്. കാർത്തികപ്പള്ളി, എം.എ. ശോശാമ്മ, സെന്റ് പോൾസ് എച്ച്.എസ്. വാഴൂർ, ആർ. തുളസീധരൻ, യു.പി. സ്കൂൾ വാകത്താനം.



# 7 ഭദ്രാസനങ്ങളിലൂടെ

## കൊച്ചി

**ഭദ്രാസന ആസ്ഥാനങ്ങളിൽ അഭിവന്ദ്യ തിരുമേനിമാരുമായി റോയ് ചാക്കോ ഇളമണ്ണൂർ നടത്തിയ അഭിമുഖങ്ങളാണ് ഈ പംക്തിയിൽ പ്രസിദ്ധീകരിക്കുന്നത്. കാൽ നൂറ്റാണ്ടുകാലമായി മാധ്യമരംഗത്തു പ്രവർത്തിക്കുന്ന ലേഖകൻ സഭാ പ്രസിദ്ധീകരണങ്ങളിലുൾപ്പെടെ അഞ്ഞൂറിലേറെ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇന്ത്യൻ ഇൻഫർമേഷൻ സർവ്വീസിൽ ഓഫീസറായ ലേഖകൻ ഇപ്പോൾ തിരുവനന്തപുരം ഓൾ ഇന്ത്യാ റേഡിയോയിൽ ന്യൂസ് എഡിറ്ററായയിസേവനമനുഷ്ഠിക്കുന്നു.**

*(കഴിഞ്ഞ ലക്കം തുടർച്ച)*

**8. ഏതെല്ലാം പ്രദേശങ്ങളിലുള്ള പള്ളികളാണ് ഭദ്രാസനത്തിൽ ഉൾപ്പെടുന്നത്?**

*വടയാപറമ്പ്, ആരക്കുന്നം, മുളന്തുരുത്തി, കാഞ്ഞിരമറ്റം, എറണാകുളം, ഫോർട്ട് കൊച്ചി, കാക്കനാട്, കൊരട്ടി, തൃശൂർ, പെങ്ങമുക്ക് (കുന്നംകുളം), പട്ടിക്കാട്, ചുവന്നമണ്ണ്, വാണിയമ്പാറ, തേനിടുക്ക്.*

**9. ഭദ്രാസന ആസ്ഥാനത്തുള്ള 5 ഏക്കർ വസ്തു കൂടാതെ മറ്റെവിടെയെല്ലാം സ്ഥലമുണ്ട്?**

*ഇരിങ്ങാലക്കുടയിലെ അരീപ്പാലം എന്ന സ്ഥലത്ത് ഭദ്രാസനത്തിന്റെ രണ്ടേക്കർ വസ്തുവിൽ കൃഷി ചെയ്യുന്നുണ്ട്. തൃശൂരിലെ മാരായ്ക്കൽ എന്ന സ്ഥലത്തുള്ള 30 സെന്റ് വസ്തുവിലും കൃഷിയാണ്.*

**10. അടുത്ത ഒന്നു രണ്ടു വർഷത്തിനുള്ളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നവ?**

*എറണാകുളം മേഖലയിൽ ഒരു സ്റ്റഡി സെന്റർ തുടങ്ങണം, എറണാകുളം ഓർത്തഡോക്സ് കൺവൻഷൻ നടത്തണം.*

**11. എത്ര പുരോഹിതർ? അവരിൽ എത്രപേർ അവിവാഹിതർ? മറ്റു ജോലിയുള്ള വൈദികർ എത്ര പേർ?**

*ആകെയുള്ള 38 വൈദികരിൽ 3 പേർ മാത്രമേ അവിവാഹിതരായിട്ടുള്ളു. 2 വൈദികർ അദ്ധ്യാപകരായും സേവനമനുഷ്ഠിക്കുന്നു.*

**12. പാഴ്സനേജ് ഉള്ള പള്ളികളെത്ര?**

*ഒൻപത്*

**13. വൈദികർക്കായി ഭദ്രാസനം നടപ്പിലാക്കിയ ശ്രദ്ധേയമായ എന്തെങ്കിലും പദ്ധതിയുണ്ടോ?**

*സഭയിൽ വൈദികർക്ക് ഇൻഷുറൻസ് പദ്ധതി ആരംഭിക്കുന്നതിനു മുമ്പുതന്നെ മാർ അന്തോണിയോസ് തിരുമേനി ഇവിടുത്തെ വൈദികർക്കായി പ്രത്യേക ഇൻഷുറൻസ് പദ്ധതി ആരംഭിച്ചിരുന്നു എന്ന് ഭദ്രാസന സെക്രട്ടറി റവ. ഫാ. സണ്ണി വർഗീസ് അറിയിച്ചു.*

**14. സഭാ ഭരണാധികാരികളോട് ഭദ്രാസന സെക്രട്ടറിയുടെ പ്രത്യേക അഭ്യർത്ഥനകളെന്തെല്ലാം?**

*1. വൈദീക ശമ്പള പദ്ധതിയിലേയ്ക്കുള്ള സബ്സിഡി കൂട്ടുകയും യഥാസമയം നൽകുകയും ചെയ്യുക.*

*2. വൈദിക ക്ഷേമനിധിയിലേയ്ക്ക് എല്ലാ വൈദികരും നൽകേണ്ടതായ മുഴുവൻ തുകയും നൽകിയിട്ടുണ്ട്. ആയതിനാൽ ക്ഷേമനിധിയിൽ നിന്നും ആവശ്യമായിരിക്കുന്ന വൈദികർക്ക് സഹായം നൽകുക.*

*3. കാതോലിക്കാ ദിനപിരിവിൽ ടാർജറ്റ് കവിഞ്ഞ തുകയും ഭദ്രാസനവിഹിതവും കൃത്യമായി തിരികെ നൽകുക.*

**15. ഭദ്രാസനത്തിന്റെ ചാരിറ്റി പ്രവർത്തനങ്ങൾ എന്തൊക്കെ?**

***കാരുണ്യാ മെഡിക്കൽ റിലീഫ് സെന്റർ:*** *തൃശൂർ മെഡിക്കൽ കോളജിനോടനുബന്ധിച്ച് പ്രവർത്തിക്കുന്നു. ഡോക്ടർമാരിൽ നിന്നും മരുന്നുകൾ ശേഖരിച്ച് നിർദ്ധനരായ രോഗികൾക്ക് നൽകിവരുന്നു. 2003–ലാണ് സെന്റർ ആരംഭിച്ചത്.*

*നിർദ്ധനരോഗികളെ സഹായിക്കുവാൻ 2008–09–ൽ 13,800 രൂപ വിനിയോഗിച്ചു.*

*യുവജന പ്രസ്ഥാനത്തിന്റെ എറണാകുളം മേഖലയുടെ നേതൃത്വത്തിൽ 4 വർഷമായി നടത്തിവരുന്ന ഈ സെന്റർ ഇതിനോടകം മൂവായിരത്തിലധികം നിർദ്ധനരായ രോഗികൾക്ക് മരുന്നു നൽകി. റേഡിയേഷൻ ചികിത്സയ്ക്കു ധനസഹായവും കൊടുത്തുവരുന്നു.*

*കളമശ്ശേരി സഹകരണ മെഡിക്കൽ കോളജിനോടു ചേർന്ന് ഒരു കെട്ടിടം വാടകയ്ക്കെടുത്ത് രോഗികൾക്ക് സൗജന്യമായി മരുന്നും ഭക്ഷണവും നൽകിവരുന്നു. ഒരു ദിവസം ഏകദേശം 150 പേർക്ക് ഭക്ഷണവും 50 പേർക്ക് മരുന്നും നൽകുന്നുണ്ട്. അന്തോണിയോസ് തിരുമേനിയുടെ ഷഷ്ടിപൂർത്തിയാഘോഷങ്ങളുടെ ഭാഗമായി തുടങ്ങിയതാണിത്.*

*മർത്തമറിയം സമാജം 1996–ലാണ് ഈ സ്ഥാപനം ആരംഭിച്ചത്. ഇരിങ്ങാലക്കുടയ്ക്കടുത്ത് അരീപ്പാലം എന്ന സ്ഥലത്തേയ്ക്ക് 2001 ജൂലൈയിൽ മാറ്റി. ഭദ്രാസനം വകസ്ഥലത്ത് പണികഴിപ്പിച്ചിരിക്കുന്ന ഈ വൃദ്ധഭവനത്തിനു സമീപം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചിട്ടുണ്ട്. വൃദ്ധമന്ദിരത്തിൽ 9 അന്തേവാസികളുണ്ട്. ഇപ്പോൾ പുറത്തുനിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നതിനാൽ ഇതിന്റെ പ്രവർത്തനത്തിന് സമാജത്തിന്റെ തുക ആവശ്യമായി വരുന്നില്ല.*

*ശെമവൂൻ മാർ ദീവന്നാസ്യോസ് മെമ്മോറിയൽ ചാരിറ്റബിൾ സൊസൈറ്റി കഴിഞ്ഞ 8 വർഷമായി പ്രവർത്തിക്കുന്നു. നിർദ്ധനരും പഠിക്കാൻ സമർത്ഥരുമായ 100 കുട്ടികൾക്ക് സാമ്പത്തികസഹായം നൽകിക്കൊണ്ടിരിക്കുന്നു. 2008–09 സാമ്പത്തികവർഷം സ്കൂൾ യൂണിഫോം, സ്കൂൾ ഫീസ്, പുസ്തകങ്ങൾ, ബാഗ് എന്നീ ഇനങ്ങളിൽ ഒരു ലക്ഷത്തി മുപ്പത്തിനാലായിരത്തിൽ പരം രൂപാ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു.*

**16. ഭദ്രാസനത്തിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളേതൊക്കെ?**

*ഭദ്രാസനാധിപനായിരുന്ന മാർ സേവേറിയോസ് തിരുമേനിയുടെ നാമധേയത്തിലുള്ള യു.പി. സ്കൂൾ 1964–ലാണ് ആരംഭിച്ചത്. ഭദ്രാസന ആസ്ഥാനത്തു തന്നെയാണ് സ്കൂളും നാനൂറോളം കുട്ടികളുണ്ട്. 16 അദ്ധ്യാപകരും.*

**17. മുൻ ഭദ്രാസനാധിപന്മാർ ആരൊക്കെ?**

*അഭിവന്ദ്യരായ ശെമവൂൻ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ (1877–1886), പൗലോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ (1946–1962), യാക്കോബ് മാർ പോളിക്കാർപ്പസ് മെത്രാപ്പോലീത്താ (അസിസ്റ്റന്റ്) (1978–1986), യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ (1966–1990), സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്താ (1991–2009).*

*ശെമവൂൻ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായ്ക്ക് ശേഷം 1946 വരെ നീണ്ട 60 വർഷക്കാലം കൊച്ചി ഭദ്രാസനത്തിന് പ്രത്യേകമായി ഒരു മെത്രാപ്പോലീത്താ ഉണ്ടായിരുന്നില്ല. 1908 മുതൽ ഏതാനും വർഷങ്ങൾ കൊച്ചുപറമ്പിൽ പൗലോസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ ചുമതല വഹിച്ചതൊഴിച്ചാൽ മലങ്കര മെത്രാപ്പോലീത്താമാരായിരുന്നു ഭരണം നടത്തിയിരുന്നത്.*

**18. ആരുടെയൊക്കെ കബറുകളാണ് ഭദ്രാസന ആസ്ഥാനത്തുള്ളത്?**

*ബിഷപ്പായി വാഴിക്കപ്പെട്ട് 8 വർഷത്തിനുള്ളിൽത്തന്നെ കാലം ചെയ്തു യാക്കോബ് മാർ പോളിക്കാർപ്പസ് തിരുമേനി ഭദ്രാസനത്തിന്റെ സഹായമെത്രാപ്പോലീത്ത ആയിരുന്നു. 65–ാം വയസ്സിൽ തിരുമേനി കാലം ചെയ്തു. ഭദ്രാസന ആസ്ഥാനത്ത് കബറടക്കി. 1990 മെയ് 16–ന് 70–ാം വയസ്സിൽ കാലം ചെയ്ത യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ കബറും ഇവിടെയാണ്. 24 വർഷം തിരുമേനി ഭദ്രാസനത്തെ നയിച്ചു. കൂടാതെ 1962 മാർച്ച് 17–ന് കാലം ചെയ്ത പൗലോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ സ്മാരക കബറും ഇവിടുണ്ട്.*

**19. സ്മാരക കബർ ഉണ്ടാക്കാൻ കാരണം?**

*ഇവിടുത്തെ അരമന, ചാപ്പൽ ഒക്കെ സ്ഥാപിച്ചത് പൗലോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ (രണ്ടാമത്തെ ഭദ്രാസനാധിപൻ) ആയിരുന്നു. തിരുമേനി ഇവിടാണ് താമസിച്ചുകൊണ്ടിരുന്നത്. മരണം സംഭവിച്ചത് കുന്നംകുളത്തുവച്ചായിരുന്നു. 1962 മാർച്ച് 17–ന് തന്റെ 52–ാം വയസ്സിൽ കാലം ചെയ്തു. കുന്നംകുളത്തെ സഭാമക്കളുടെ ആഗ്രഹപ്രകാരം അവിടെ കബറടക്കി. 1950–ൽ തിരുമേനി സ്ഥാപിച്ച കൊരട്ടി അരമന ചാപ്പൽ 1990–ലാണ് പുനർനിർമ്മിച്ചത്.* ●

# HOSANNA.......... HE IS RISEN!

**Metropolitan Dr Yakob Mar Irenaios, Kochi**

This season, the Holy Church is meditating on the theme of the Passion, the Supreme sacrifice, Death and Resurrection of our Lord. She leaves everything else in her broodings and focuses on these unique events in history, which happened once and for all.

It is a kind of celebrative mood on the day of Hosannas; however the anticipation of the Passion obviously looms large even on that day of songs and public acknowledgement. Past the Palm Sunday, certainly, an air of mourning pervades the whole atmosphere, and everything seems to stand still. We are witnessing incredible and grand events which are to be the foundations of our faith and regeneration.

This is the time to make our souls silent and meditative. This is also the time to teach us some unforgettable lessons - lessons in fortitude, forgiveness, repentance, dedication, and of course, self effacement. The One who spent himself on our behalf and made himself a willing sacrifice for our sake, is giving apparently the final words of advice and wisdom to his beloved disciples. They have no idea of what is to follow. Some slip and fall, many lose balance, one turns traitor, another has no qualms to deny him, seemingly for he sake of saving himself from danger. But interestingly enough, every one, friend or foe has a response - at least they runaway!

Here let our thoughts and footsteps remain unusually quiet and reflexive. We realize with a shudder that we are all in some ways part o fthe crime committed; and the pitiful, yet forgiving and lingering eyes of the Saviour send lightning into our hearts. Those beams can transform us, free us from our lethargy and neglect, sins and selfishness. The woeful scene of crucifixion shall rend our hearts, just as it rend the heart of the centurion. Then comes the long silence of the "second" Sabbath, followed by the joy of Resurrection.

And we pin our hopes on this event, and most reasonably for that. This is the central event one has been waiting for!

HE IS RISEN, INDDED HE IS RISEN!

These days, let's kneel at the foot of the Cross, silently meditate at the Tomb, and be witness to the empty Tomb. There let us pin all our hopes and aspirations.The Church hopes and prays that the season of the Pasch shall regenerate us in virtue and holiness, make us willing to love and serve God and our neighbor, for the sake of God.

May the blessings of Easter be with you all! •

# മലങ്കര വർഗ്ഗീസ് വധം: ആക്ഷൻ കൗൺസിൽ സമരത്തിലേക്ക്

*(1–ാം പേജ് തുടർച്ച)*

ക്കാൻ ഒരുമ്പെട്ട സാഹചര്യത്തിലാണ് സി. ബി. ഐ യെ അന്വേഷണം ഏൽപ്പിച്ചത്. വാടകകൊലയാളികളെ ഏർപ്പാടാക്കിയ ആളെ കസ്റ്റഡിയിലെടുത്ത് ആഴ്ചകൾ കഴിഞ്ഞിട്ടും തുടർ നടപടികൾ വൈകുന്നതിൽ സഭയ്ക്ക് കടുത്ത ആശങ്കയുണ്ട്.

വർഗ്ഗീസ് വധവും മലങ്കര സഭാതർക്കവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട് എന്നതിന്റെ പ്രത്യക്ഷമായ തെളിവാണ് ജോയിയുടെ അറസ്റ്റ്. ജോയിയും വധിക്കപ്പെട്ട വർഗ്ഗീസുമായി വ്യക്തിപരമായ യാതൊരു വിദ്വേഷവും പകയും നിലനിന്നിരുന്നതായി അറിവില്ല. പെരുമ്പാവൂർ സൂലോക്കോ പള്ളി നീതിക്ക് നിരക്കാത്തവിധത്തിൽ മുഷ്ടിബലം കൊണ്ട് പിടിച്ചടക്കാൻ പാത്രിയർക്കീസ് പക്ഷം ശ്രമിച്ചപ്പോഴെല്ലാം അതിനെ എതിർത്തിരുന്ന ആളായിരുന്നു റ്റി. എം. വർഗ്ഗീസ്. ആലുവ തൃക്കുന്നത്ത് സെമിനാരി പ്രശ്നത്തിലും മറ്റും പാത്രിയർക്കീസ് വിഭാഗത്തെ പ്രതിനിധീകരിച്ചിരുന്ന ആളാണ് ജോയി. മലങ്കര സഭാതർക്കത്തിന്റെ പശ്ചാത്തലത്തിൽ ആസൂത്രണം ചെയ്ത കൊലപാതകാമാണിത്. ഇപ്പോൾ മധ്യവർത്തികൾ മാത്രമേ പിടിക്കപ്പെട്ടിട്ടുള്ളൂ. അവരെ പ്രോത്സാഹിപ്പിച്ചവരും പണം നൽകിയവരും ഇപ്പോഴും പുറത്തുതന്നെ വിഹരിക്കുന്നതായാണ് മനസ്സിലാക്കുന്നത്. കുറ്റവാളികൾ ആരായിരുന്നാലും നിയമത്തിന്റെ മുന്നിൽ അവരെ കൊണ്ടുവരുകയും, അവർ ശിക്ഷിക്കപ്പെടുകയും ചെയ്യണം. അല്ലാത്ത പക്ഷം നീതിവ്യവസ്ഥയിലുള്ള വിശ്വാസം പോലും പൊതുജനങ്ങൾക്ക് നഷ്ടപ്പെടും.

കേരളത്തിലെ പല പ്രമാദമായ കേസുകളിലും പ്രഥമഘട്ടത്തിൽ കുറ്റപത്രസമർപ്പണവും, അറസ്റ്റും എല്ലാം നടക്കുമെങ്കിലും പിന്നീട് പല കേസുകളും തേഞ്ഞുമാഞ്ഞു പോകുന്ന പ്രവണതയാണ് കാണുന്നത്. ആ ദുരവസ്ഥ ഈ കേസിനും ഉണ്ടാകരുത് എന്നാണ് ഞങ്ങളുടെ ആഗ്രഹവും ആവശ്യവും. പണം കൈമാറിയവരെകുറിച്ചും മറ്റും സൂചന ലഭിച്ചതായും, ചില ബാഹ്യസമ്മർദ്ദങ്ങൾ മൂലം അറസ്റ്റുകൾ വൈകുന്നതായും മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. അത്തരം സ്വാധീനങ്ങൾ മൂലമാണോ തുടർനടപടികൾ വൈകുന്നത് എന്ന് സംശയിക്കുന്നു. അതിനാൽ "റ്റി. എം. വർഗ്ഗീസ് വധം ആക്ഷൻ കൗൺസിലി"ന്റെ നേതൃത്വത്തിലും, മലങ്കര ഓർത്തഡോക്സ് സഭയുടെ പിൻതുണയോടെയും പ്രത്യക്ഷ സമരപരിപാടികൾ ആസൂത്രണം ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു.



# വൈദികരുടെ വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്ക്കരിക്കണം

**എം. എം. സഖറിയ**
(സഭാ മാനേജിംഗ് കമ്മറ്റി അംഗം)

നമ്മുടെ സഭയിലെ ബഹു. വൈദികരുടെ വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്ക്കരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്.1997 ലെ ശമ്പള പദ്ധതി നിലവിൽ വന്നതിനു ശേഷം ഏതാണ്ട് ഏഴു വർഷങ്ങൾക്കു ശേഷം 2005-ൽ ആയിരുന്നു വൈദികരുടെ സേവന പദ്ധതികൾ പുന:ക്രമീകരണം ചെയ്യുകയുണ്ടായത്. 2005 ജനുവരി ഒന്നു മുതൽ 5 വർഷക്കാലത്തെ പ്രാബല്യത്തോടുകൂടി നിലവിൽ വന്ന പ്രസ്തുത പദ്ധതി 2010 ജനുവരിയോടുകൂടി കാലഹരണപ്പെട്ടരിക്കുകയാണ്. അതുകൊണ്ടു തന്നെ പുതിയ പദ്ധതി 2010 ജനുവരി ഒന്നു മുതൽ മുൻകാല പ്രാബല്യത്തോടെ എത്രയും വേഗം നിലവിൽ വരുകയും ചെയ്യേണ്ടതാണ്.

ഇതിനാവശ്യമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയമിതമായ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പ:സുന്നഹദോസിന്റെ പരിഗണനയ്ക്കായി എത്രയും വേഗം സമർപ്പിക്കുകയും, അഭി. മെത്രപ്പോലീത്താന്മാരുടെ ഭാഗത്തു നിന്നുള്ള നിർദ്ധേശങ്ങൾക്കൂടി പരിഗണിച്ച് റിപ്പോർട്ടിന് അന്തിമ രൂപം നൽകി അടുത്ത മാനേജിംഗ് കമ്മിറ്റിയിൽത്തന്നെ നിശ്ചയത്തിന് സമർപ്പിക്കുകയും ചെയ്താൽ മാത്രമെ കാലതാമസം ഒഴിവാക്കുവാൻ സാധിക്കുകയുള്ളു. ഇത് സംബന്ധിച്ച് എളിയ അഭിപ്രായങ്ങൾ പ്രസ്തുത കമ്മിറ്റിയുടെ അനുഭാവപൂർവ്വമായ പരിഗണനയ്ക്കായി സമർപ്പിക്കട്ടെ.

ആ വൈദികർ ഇടവക ജനങ്ങളുടെ ആത്മീയ പിതാവാണ്. വൈദികൻ നാടിന്റെ നേതാവും സമൂഹത്തിന്റെ നായകനും ജനങ്ങളുടെ മാതൃകാപുരുഷനുമായി നാം കാണുന്നു. അദ്ദേഹം ഇടവകാംഗങ്ങളുടെ സർവ്വതോന്മുഖമായ ആത്മീയ വളർച്ചക്കും അവരുടെ സാമൂഹിക ജീവിത നിലവാരത്തിന്റെ ഉയർച്ചയ്ക്കും വേണ്ടി പ്രവർത്തിക്കുന്നു. നമ്മുടെ വൈദികരെ സംരക്ഷിക്കേണ്ടത് നമ്മുടെ ചുമതലയാണ്.

> **വൈദികൻ നാടിന്റെ നേതാവും സമൂഹത്തിന്റെ നായകനും ജനങ്ങളുടെ മാതൃകാപുരുഷനുമായി നാം കാണുന്നു. അദ്ദേഹം ഇടവകാംഗങ്ങളുടെ സർവ്വോന്മുഖമായ ആത്മീയ വളർച്ചക്കും അവരുടെ സാമൂഹിക ജീവിത നിലവാരത്തിന്റെ ഉയർച്ചയ്ക്കും വേണ്ടി പ്രവർത്തിക്കുന്നു. നമ്മുടെ വൈദികരെ സംരക്ഷിക്കേണ്ടത് നമ്മുടെ ചുമതലയാണ്.**

ഭവന സന്ദർശനം, രോഗികളുള്ള ഭവനങ്ങളും മരണം സംഭവിക്കുന്ന ഭവനങ്ങളും സന്ദർശിച്ച് ബന്ധപ്പെട്ടവർക്ക് ആശ്വാസം കൊടുക്കുക, ഭവന കൂദാശ, മാമോദീസാ, വിവാഹം, തൈലാഭിഷേകം എന്നീ കൂദാശകൾ യഥാസമയം നടത്തിക്കൊടുക്കുക, പള്ളിയിൽ പതിവായി സന്ധ്യാനമസ്ക്കാരം നടത്തുക, എന്നിങ്ങനെ ഒരു വൈദികന്റെ ചുമതലകൾ നിരവധിയാണ്. ഇടവകയിലെ എല്ലാ ആത്മീയ സംഘടനകളുടെയും പ്രവർത്തനങ്ങളിൽ പങ്കാളിയായിരുന്ന് അവയിലെ അംഗങ്ങൾക്ക് പ്രയോജനകരമായ മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കുവാൻ നമ്മുടെ വൈദികർ പ്രത്യേക താല്പര്യം കാണിക്കുന്നുണ്ടല്ലൊ. ഞായറാഴ്ചകളിൽ എന്നപോലെ തന്നെ എല്ലാ മാറാനായ പെരുന്നാളുകളിലും വി.കുർബ്ബാനയും അനുബന്ധമായ ശുശ്രൂഷകളും നടത്തുവാൻ നമ്മുടെ വൈദികർ ശുഷ്ക്കാന്തി കാട്ടുന്നുമുണ്ട്. ഇതിനെല്ലാം പുറമെ ഭദ്രാസന മെത്രാപ്പോലീത്തന്മാർ ക്രമീകരിക്കുന്ന വൈദിക യോഗങ്ങളിലും വൈദിക റിഫ്രഷർ കോഴ്സുകളിലും പോകുവാൻ നമ്മുടെ വൈദികർ സമയം കണ്ടെത്തുന്നുമുണ്ട്.

പള്ളികളുടെയും സഭയുടെ തന്നെയും വരുമാനം വർദ്ധിപ്പിക്കുന്നതിൽ വൈദികർ വഹിക്കുന്ന പങ്ക് അഭിനന്ദാർഹമാണ്. വലിയ കടങ്ങൾ ഉണ്ടായിരുന്ന പല പള്ളികളുടെയും കടങ്ങൾ വീട്ടി വൻ തുകകൾ മിച്ചം വരുത്തുവാൻ സാധിച്ചിട്ടുണ്ടെങ്കിൽ അതിനു പിൻപിൽ ഇടവക വികാരിയുടെ ആത്മാർത്ഥമായ പ്രവർത്തനങ്ങൾ ഉണ്ട് എന്ന് നമുക്ക് കാണുവാൻ സാധിക്കും. മലങ്കര സഭയുടെ പ്രധാന ധനാഗമന മാർഗ്ഗമായ കാതോലിക്കദിനപിരിവിന് ഇന്ന് ലക്ഷ്യമിട്ടിരിക്കുന്നത് 3 കോടി രൂപയാണ്. ഇത് സാദ്ധ്യമാകേണ്ടത് വൈദികരുടെ ആത്മാർത്ഥമായ പ്രവർത്തനങ്ങൾ കൊണ്ടു മാത്രമാണ്.

കൂടാതെ പഴയകാലങ്ങളിലേതു പോലെ കുർബ്ബാനപ്പണം, തളിക എന്നിവയ്ക്ക് പട്ടക്കാർക്ക് ഇപ്പോൾ അവകാശമില്ല എന്ന വസ്തുത കൂടി വൈദികരുടെ വേതനം പരിഷ്ക്കരിക്കുമ്പോൾ ശ്രദ്ധിക്കേണ്ടതുണ്ട്.

**വേതന സ്കെയിൽ**

2005 ലെ പദ്ധതി നിലവിൽ വന്നതിനു ശേഷം 5 വർഷങ്ങൾക്കു ശേഷമുള്ള ജീവിതച്ചെലവിന്റെ വർദ്ധനവ് കൂടി കണക്കിലെടുത്ത്കൊണ്ട് പുതിയ വേതന സ്കെയിൽ നിർണ്ണയിക്കേണ്ടതാണ്. അതുകൊണ്ടുതന്നെ പുതിയ വേതന സ്കെയിൽ 8000 രൂപയിൽ ആരംഭിച്ച് ഓരോ വർഷവും 100 രൂപ ഇംക്രീമെന്റോടു കൂടി നിജപ്പെടുത്തുന്നത് ന്യായമായിരിക്കും.

**ക്ഷാമബത്ത**

1997 ലെ പദ്ധതിപ്രകാരം ക്ഷാമബത്ത അന്നത്തെ അടിസ്ഥാന വേതനത്തിന്റെ 50% ആയിരുന്നു. എന്നാൽ 2005-ൽ അത് കുറച്ച് ആദ്യവർഷം 15% വും രണ്ടാം വർഷം 18% വും മൂന്നാം വർഷം 21 % വും നാലാം വർഷം 24% വും , അഞ്ചാം വർഷം 25% വുമായി നിജപ്പെടുത്തുകയുണ്ടായി. ഇതിന് മാറ്റം വരുത്തി, 1997 ലെ പദ്ധതിയിൽ നൽകിയിരുന്ന 50% മായി ക്ഷാമബത്ത പുന:സ്ഥാപിക്കണമെന്നാണ് എന്റെ അഭിപ്രായം. അപ്പോൾ പുതുതായി പട്ടമേല്ക്കുന്ന ഒരു വൈദികന് 10,000 രൂപ ആദ്യ ശമ്പളമായി ലഭിക്കും.

**വൈദികരെ ശമ്പള നിർണ്ണയത്തിനു വേണ്ടി താഴെപ്പറയുന്ന വിധത്തിൽ വേർതിരിച്ചിരിക്കുന്നു.**

1. **ഫുൾടൈം റസിഡൻറ് പ്രീസ്റ്റ് (Full time Resident Priest):** ഇടവകയുടെ പാഴ്സണേജിൽ താമസിച്ച് എല്ലാ ദിവസവും ക്രമമായി പള്ളിയിലും ഇടവകയിലുമായി പ്രവർത്തനങ്ങൾ നടത്തുന്ന വൈദികൻ. ഇപ്രകാരമുള്ള ഒരു വൈദികന് ക്ഷാമബത്ത ഉൾപ്പെടെയുള്ള പൂർണ്ണ ശമ്പളവും, റസിഡൻഷ്യൽ അലവൻസ് പ്രതിമാസം 2500 രൂപയും അധികമായി നൽകുന്നത് ഉചിതമായിരിക്കും.
2. **പാർട്ട് ടൈം റസിഡന്റ് പ്രീസ്റ്റ് (Part time Resident Priest):** ഇടവകയുടെ പാഴ്സണേജിൽ താമസിച്ചു കൊണ്ട് ഇടവകയുടെ പ്രവർത്തനങ്ങൾക്കു പുറമേ സ്ഥിര വരുമാനമുള്ള മറ്റു ജോലിയും ചെയ്യുന്ന വൈദികൻ. ക്ഷാമബത്ത ഉൾപ്പെടെയുള്ള പൂർണ്ണ ശമ്പളത്തിന്റെ 75% വും, റസിഡൻഷ്യൽ അലവൻസ് പ്രതിമാസം 2500 രൂപയും നൽകകുന്നത് ഉചിതമായിരിക്കും.
3. **നോൺ റസിഡന്റ് ഫുൾ ടൈം പ്രീസ്റ്റ് (Non-Resident Full time Priest):** ഇടവകയുടെ വെളിയിൽ താമസിച്ചുകൊണ്ട് ക്രമമായി പള്ളിയിലും ഇടവകകളിലുമായി പ്രവർത്തനം നടത്തുന്ന വൈദികൻ റസിഡൻഷ്യൽ അലവൻസിന് അർഹതയില്ലാത്തതുകൊണ്ട് ക്ഷാമബത്ത ഉൾപ്പെടെയുള്ള പൂർണ്ണ ശമ്പളം നൽകുന്നത് ഉചിതമായിരിക്കും.
4. **നോൺ റസിഡന്റ് പാർട്ട് ടൈം പ്രീസ്റ്റ് (Non-Resident Part time Priest):** ഇടവകയുടെ വെളിയിൽ താമസിച്ചുകൊണ്ട്, പള്ളിയിലെ ആരാധനാ സമയങ്ങളിൽ മാത്രമോ, ഇടവകക്കാർ ആവശ്യപ്പെടുമ്പോൾ മാത്രമോ ഇടവകയിൽ വന്ന് സേവനം ചെയ്യുന്ന വൈദികൻ. റസിഡൻഷ്യൽ അലവൻസിന് അർഹതയില്ലാത്തതുകൊണ്ട് ക്ഷാമബത്ത ഉൾപ്പെടെയുള്ള പൂർണ്ണ ശമ്പളത്തിന്റെ 75% വരുന്ന തുക നൽകുന്നത് ഉചിതമായിരിക്കും.

മേൽപ്പറഞ്ഞ നാല് വിഭാഗത്തിലുള്ള വൈദികർ ഹിൽസ്റ്റേഷൻ ഇടവകയിൽ പ്രവർത്തിക്കുന്നുവെങ്കിൽ പ്രതിമാസം 1500 രൂപയെങ്കിലും ഹിൽ സ്റ്റേഷൻ അലവൻസിനും അർഹനായിരിക്കേണ്ടതാണ്.

**Contributory Priest Welfare Fund (CPWF)**

വൈദികന്റെ അടിസ്ഥാന ശമ്പളത്തിന്റെ 5% ഭദ്രാസനത്തിൽ നിന്ന് നൽകുകയും പ്രസ്തുത ഫണ്ടിൽനിന്ന് 90% വരെ പലിശ കൂടാതെ കടം ലഭിക്കുവാനുള്ള നിബന്ധനകളും പുതിയ ശമ്പള പദ്ധതിയിൽ ഉണ്ടാകേണ്ടതാണ്.

**ഇൻഷുറൻസ്:** ഇപ്പോഴുള്ള ഇൻഷുറൻസ് പദ്ധതിയിൽ വൈദികർക്കുമാത്രമേ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നുള്ളു.ഇതിൽ വൈദികരുടെ കുടുംബങ്ങളെക്കൂടി ഉൾപ്പെടുത്തുകയും കൂടുതൽ ആശുപത്രികളെ ഇതിന്റെ പരിധിയിൽ കൊണ്ടുവരുകയും ചെയ്താൽ മാത്രമേ വൈദികന് ഇതിൽ നിന്നുള്ള പൂർണ്ണ പ്രയോജനം ലഭിക്കുകയുള്ളു.

**സൗജന്യ ചികിത്സ :** സഭാവക ആശുപത്രികളിൽ വൈദികർക്ക് 50% സൗജന്യ ചികിത്സ സൗകര്യം ലഭിക്കണമെന്ന വ്യവസ്ഥ നമ്മുടെ പല ആശുപത്രികളിലും പാലിക്കുന്നുണ്ടോ എന്ന് സംശയമാണ്. ഈ നിബന്ധന മാറ്റി മുറിവാടകയുടെ 100% വും, കൺസൾട്ടേഷൻ, മരുന്നുകൾ എന്നിവയുടെ 50% വും സൗജന്യം അനുവദിക്കാൻ വ്യവസ്ഥ ചെയ്യേണ്ടതാണ്. പലപ്പോഴും മുറികൾ ഒഴിഞ്ഞു കിടക്കുന്ന നമ്മുടെ ആശുപത്രികൾക്ക് ഇതൊരു നഷ്ടം ആയിരിക്കുകയില്ല. ഒരു ധനാഗമനമാർഗ്ഗമായിരിക്കും.

**സഭാ ബജറ്റ് :** പുതിയ ശമ്പള പദ്ധതി നടപ്പാക്കുന്നതിനായി അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള സഭാ ബജറ്റിൽ ഒന്നര കോടിയിൽ കുറയാത്ത ഒരു തുക മാറ്റി വയ്ക്കണമെന്ന് അസ്സോസിയേഷൻ സെക്രട്ടറിയോട് ബജറ്റ് തയ്യാറാക്കുന്ന ഈ വേളയിൽ അഭ്യർത്ഥിക്കുകയും ചെയ്യുന്നു.●


## ജോലി ഒഴിവ്

2010-11 അദ്ധ്യയന വർഷത്തിൽ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള താഴെ പറയുന്ന ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളിൽ നിന്നും നിർദ്ദിഷ്ഠ ഫാറത്തിലുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.

1) H.S.A. (Sanskrit) 2) Lower Grade (U.P.) Sanskrit 3) Drawing Teacher

നിർദ്ദിഷ്ഠ ഫാറം 2010 ഏപ്രിൽ മാസം 20-ാം തീയതി മുതൽ 50 രൂപയ്ക്ക് (By Post 55/- ) ഓഫീസിൽ നിന്നും ലഭിക്കുന്നതും പൂരിപ്പിച്ച ഫാറം ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ പകർപ്പുസഹിതം മെയ് 21-നു മുമ്പായി ഓഫീസിൽ ലഭിക്കേണ്ടതതുമാണ്.

Sd/-
മാനേജർ
കാതോലിക്കേറ്റ് & എം.ഡി. സ്കൂൾ
ദേവലോകം, കോട്ടയം-38.

ദേവലോകം
16-4-2010 Advt.

## റ്റി.റ്റി.സിയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു

2010-12 അദ്ധ്യയന വർഷം റ്റി.റ്റി.സി. കോഴ്സിന് നിശ്ചിത യോഗ്യതയുള്ളവരിൽനിന്നും നിർദ്ദിഷ്ഠ ഫാറത്തിൽ അപേക്ഷ ക്ഷണിക്കുന്നു. ഫാറം 30 രൂപയ്ക്ക് ഓഫീസിൽനിന്നും ലഭിക്കുന്നതാണ്. +2 പരീക്ഷാ ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 15-5-2010.

**സ്കൂളുകൾ:** M.S.S.T.T.I **തഴക്കര, മാവേലിക്കര,** R.M.T.T.I **വടവുകോട്, എറണാകുളം**

Sd/-
മാനേജർ
കാതോലിക്കേറ്റ് & എം.ഡി. സ്കൂൾ
ദേവലോകം, കോട്ടയം-38.

ദേവലോകം
16-4-2010 Advt.

## സെന്റ് ബേസിൽ ഗോസ്പൽ ടീം

**ബേസിൽ അരമന, പത്തനംതിട്ട**

സമർപ്പിതരായ വൈദികരാൽ നയിക്കപ്പെടുന്ന ശുശ്രൂഷകൾ അനുഗ്രഹീതമായ 14-ാം വർഷത്തിലേക്ക്.

*സമീപ ദിവസങ്ങളിൽ നടത്തപ്പെടുന്ന ശുശ്രൂഷകൾ പള്ളികൾ*

മൈലപ്ര സെന്റ് ജോർജ്, കല്ലേലി സെന്റ് കുറിയാക്കോസ്, പൂഴിക്കാട് സെന്റ് ജോർജ്, വകയാൽ സെന്റ് മേരീസ്, കൈപ്പട്ടൂർ സെന്റ് ഇഗ്നേഷ്യസ് മഹാഇടവക

**ഭവന സന്ദർശനം, ഗാനശുശ്രൂഷ, വചന ശുശ്രൂഷ, സമർപ്പണ ശുശ്രൂഷകൾ, അനുഗ്രഹ ശുശ്രൂഷ, സൗഖ്യദാന മദ്ധ്യസ്ഥ പ്രാർത്ഥന**

Advt.

**കൂടുതൽ വിവരങ്ങൾക്ക്: 9447454787, 9447118884**

## ശുശ്രൂഷകനെ ആവശ്യമുണ്ട്

**ഹൈദ്രബാദ് സെന്റ് ഗ്രീഗോറിയോസ് കത്തീഡ്രലിലേയ്ക്ക് ഒരു പൂർണ്ണസമയ ശുശ്രൂഷകനെ ആവശ്യമുണ്ട്.**

**താല്പര്യമുള്ളവർ 040-27612322, 09441922344 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.**

Advt. **വികാരി ഫാ. കോശി തോമസ്**

## ST.MARY'S COLLEGE, SULTHAN BATHERY

Wayanad Dist. Kerala, Pin - 673592
(NAAC Accredited with B Plus Grade)
Phone: 04936-220246. www.stmaryssby.org

Applications are invited for the following vacancies.

1. Lecturer in Chemistry (One leave vacancy) Open merit.
2. Lecturer in Physics (One regular vacancy) Open merit.

Qualification & Age : As prescribed by the University of Calicut / Govt, of Kerala / UGC.

Apply in the prescribed form available in the college office on payment of Rs.100/- in cash or Rs.125/- by M.O to the Principal within 30 days from the date of this advertisement.

Sd/-
Manager.

Advt.

MALANKARASABHA PATHRIKA
Catholicate Offce, Devalokam, Kottayam 686 038, Kerala, India. Tel: 0481-2578500
BI-WEEKLY വാർഷിക വരിസംഖ്യ 100 രൂപ
Reg. No. KERMAL 12481/11/1/2005-TC
Registered
Postal Reg. No. KL/KTM/647/2009-011
sabhapathrika@yahoo.co.in
Linc No. KL/CR/KTM/WPP-78/09-11
Licensed to Post Without Prepayment

# വത്തിക്കാൻ അംബാസഡർക്ക് കേരളത്തിലേയ്ക്ക് ക്ഷണം



ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ബാവാ വത്തിക്കാൻ എംബസിയിൽ

കുവൈറ്റ്: കുവൈറ്റിൽ ഔദ്യോഗിക സന്ദർശനാർത്ഥം എത്തിയ ശ്രേഷ്ഠനിയുക്ത കാതോലിക്കാ ബാവാ വത്തിക്കാൻ അംബാസഡറെ കേരളത്തിലേയ്ക്ക് ക്ഷണിച്ചു. ഭാരതീയ സംസ്കാരത്തെയും, മലങ്കര ഓർത്തഡോക്സ് സഭയുടെ പൈതൃകത്തേയും മനസ്സിലാക്കുവാനും കേരള സന്ദർശനം പര്യാപ്തമാകുമെന്നും, കത്തോലിക്കാ സഭയും, ഓർത്തഡോക്സ് സഭയും തമ്മിൽ സഹകരണം വർദ്ധിപ്പിക്കുവാൻ ഇത് കാരണമാകുമെന്നും അദ്ദേഹം പറഞ്ഞു.

വത്തിക്കാൻ എംബസി സന്ദർശിച്ച നിയുക്ത ബാവായെ വത്തിക്കാൻ അംബാസഡർ ആർച്ച് ബിഷപ്പ് പീറ്റർ രജിക്, ഫസ്റ്റ് സെക്രട്ടറി മോൺ. ജോൺ കല്ലറക്കൽ എന്നിവർ ചേർന്ന് സ്വീകരിച്ചു. കുവൈറ്റ് സെന്റ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാ ഇടവക വികാരി ഫാ. ജോസ് മാത്യു, ഇടവക സെക്രട്ടറി റെജി ജോൺ കോശി, സഭാ മാനേജിംഗ് കമ്മറ്റി അംഗം ഷാജി ഏബ്രഹാം എന്നിവർ നിയുക്ത ബാവായ്ക്ക് ഒപ്പം ഉണ്ടായിരുന്നു.

# മെത്രാഭിഷേകം: കോട്ടയം പട്ടണവും മാർ ഏലിയാ കത്തീഡ്രലും തയ്യാറെടുപ്പിൽ

കോട്ടയം: സഭയുടെ ആസ്ഥാന പട്ടണവും, പരിശുദ്ധ ബാവാതിരുമേനിയുടെ ആസ്ഥാന കത്തീഡ്രലും മെത്രാഭിഷേകത്തിനായി തയ്യാറെടുക്കുന്നു. 25,000 അധികം പേരെയാണ് പ്രതീക്ഷിക്കുന്നത്. ദേവാലയത്തിന്റെ പൂമുഖത്ത് പ്രത്യേകമായി തയ്യാറാക്കിയിരിക്കുന്ന മദ്ബഹായിലാണ് ശുശ്രൂഷകൾ നടക്കുന്നത്. ദേവാലയ അങ്കണത്തിൽ 12,000 പേർക്കുള്ള ഇരിപ്പിടങ്ങളാണ് ക്രമീകരിക്കുന്നത്. കൂടാതെ ബസേലിയോസ് കോളജിന്റെ ഗ്രൗണ്ടിൽ ശീതീകരിച്ച പ്രത്യേക പന്തലും, എവിടെ നിന്നും കാണുവാനായി ക്ലോസ് സർക്യൂട്ട് ടിവികളും ക്രമീകരിക്കും. കോടിമത മുനിസിപ്പൽ ബസ്റ്റാന്റ്, നാഗമ്പടം സ്റ്റേഡിയം, കഞ്ഞിക്കുഴി മുനിസിപ്പൽ മൈതാനം എന്നിവിടങ്ങളിലാണ് പാർക്കിംഗ് സൗകര്യം. അവിടെ എത്തുന്നവർക്ക് കത്തീഡ്രലിൽ എത്തുവാൻ വാനുകൾ ക്രമീകരിച്ചിട്ടുണ്ട്. ക്രമീകരണത്തിനായി വിവിധങ്ങളായ കമ്മറ്റികൾ സജീവമായി പ്രവർത്തിക്കുന്നു.

# ആരാധന സൃഷ്ടിയെ മഹത്വവൽക്കരിക്കുന്നു: ഡോ. ജോസഫ് മാർ ദിവന്നാസ്യോസ്



ദുബായ്: സൃഷ്ടിയുടെ നഷ്ടപ്പെട്ട മഹത്വവും മനുഷ്യന്റെ തേജസും വീണ്ടെടുക്കപ്പെടുക എന്നതാണ് ക്രിസ്തീയ ആരാധനയുടെ കാതൽ ഡോ. ജോസഫ് മാർ ദിവന്നാസ്യോസ് അഭിപ്രായപ്പെട്ടു. ദൈവിക ആളത്വത്തിന്റെ പ്രതിഫലനമാണ് മനുഷ്യരിലെ വ്യക്തിത്വം എങ്കിൽ മറ്റ് ജീവികളിൽ വ്യക്തിത്വത്തെ നിർണ്ണയിക്കുന്നത് നൈസർഗിക വാസനകളാണ്. ഇതിനാലാണ് മനുഷ്യനെ സൃഷ്ടിയുടെ മകുടം എന്ന് വിളിക്കപ്പെടുന്നത്. ആരാധന ചാക്രികവും രേഖീയവുമാണ്. രക്ഷണ്യ പ്രവർത്തനങ്ങളുടെ ഭൂതകാലവും പ്രത്യാശയുടെ ഭാവിയും വർത്തമാനകാലത്തിൽ സമന്വയിപ്പിക്കുക വഴി സ്ഥലകാലപരിമിതികൾക്ക് അപ്പുറത്തേക്ക് ആരാധന നമ്മെ നയിക്കുന്നു.

ഓർത്തഡോക്സ് യുവജനപ്രസ്ഥാനം സോണൽ കമ്മറ്റി അബുദാബി സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രലിൽ സംഘടിപ്പിച്ച ആരാധന പഠന ക്ലാസിന് നേതൃത്വം നൽകി സംസാരിക്കുകയായിരുന്നു മെത്രാപ്പോലീത്താ. വി. കുർബാനന്തരം അഭി. ഡോ. ജോസഫ് മാർ ദിവന്നാസ്യോസ് ഭദ്രദീപം തെളിയിച്ച് പഠനശിബിരം ഉദ്ഘാടനം ചെയ്തു. സോണൽ പ്രസിഡന്റ് ഫാ. അജു ഏബ്രഹാമിന്റെ അദ്ധ്യക്ഷതിയ്ല ചേർന്ന സമ്മേളനത്തിൽ അബുദാബി ഇടവക വികാരി ഫാ. ജോൺസൺ ഡാനിയേൽ, സെക്രട്ടറി എ.ജെ. ജോയിക്കുട്ടി, സോണൽ സെക്രട്ടറി റിനു തോമസ് എന്നിവർ പ്രസംഗിച്ചു. ഓർത്തഡോക്സ് സഭയുടെ ട്രസ്റ്റിയും, സെക്രട്ടറിയുമായി ദീർഘാലം പ്രവർത്തിച്ച പി.സി. ഏബ്രഹാമിന്റെയും അഭി. മാത്യൂസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായുടെ മാതാവ് ഏലിയാമ്മയുടെ നിര്യാണത്തിലും സമ്മേളനം അനുശോചിച്ചു. പഠന ക്ലാസിനോടനുബന്ധിച്ചു നടത്തി ഓപ്പൺ ഫോറത്തിന് ഫാ. അജു നേതൃത്വം നൽകി. അബുദാബി യൂണിറ്റ് സെക്രട്ടറി ബോബി ഈപ്പൻ നന്ദി പറഞ്ഞു.

പരിസ്ഥിതി സാഹിത്യസെമിനാറുകൾ, ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് അനുസ്മരണം, സർഗോത്സവം, കുട്ടികൾക്കായുള്ള വേനൽപഠന ക്ലാസ്സുകൾ എന്നിവ വരും മാസങ്ങളിലായി സംഘടിപ്പിക്കുവാനും, സോണൽ ചാരിറ്റി പ്രവർത്തനങ്ങളുടെ ഭാഗമായി ജ്യോതിസ് 2010 എന്ന പേരിൽ വിവിധ യൂണിറ്റുകളിൽ നിന്നും സമാഹരിച്ച തുക ശാസ്താംകോട്ട എം.റ്റി.എം.എം. ആശുപത്രിയുമായ ചേർന്ന് 101 നിർദ്ധനർക്ക് സൗജന്യ നേത്രചികിത്സ നൽകുവാനും സോണൽ കമ്മറ്റി തീരുമാനിച്ചു.



നിയുക്ത മെത്രാന്മാർ പരിശുദ്ധ ബാവായോടും, നിയുക്തബാവായോടുമൊപ്പം

# കുട്ടികളെ യഥാർത്ഥ മനുഷ്യരായി വളരാൻ പരിശീലിപ്പിക്കണം: ഡോ. സഖറിയ മാർ തെയോഫിലോസ്




എം.ജി.ഒ.സി.എസ്. എം. ഓഫ് ഇന്ത്യ വിദ്യാഭ്യാസ മാർഗ്ഗനിർദ്ദേശന ക്യാമ്പിൽ ഡോ. സഖറിയാ മാർ തെയോഫിലോസ് അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു. ക്യാമ്പ് ഡയറക്ടർ പ്രൊഫ. പി.സി. ഏലിയാസ്, പത്മശ്രീ കുര്യൻ ജോൺ മേളാംപറമ്പിൽ, ഫാ. ടൈറ്റസ് മാത്യു, ടീനാ സൂസൻ എന്നിവർ സമീപം.

കോട്ടയം: സർവ്വകലാശാലകളിൽ നിന്നും ശാസ്ത്രവും സാങ്കേതിക വിദ്യയും സ്വായത്തമാക്കുന്നതോടൊപ്പം തന്നെ യഥാർത്ഥമനുഷ്യനായി ജീവിക്കാനുള്ള പരിശീലനവും കുട്ടികളിൽ വളർത്തിയെടുക്കണമെന്ന് അഭി. ഡോ. സഖറിയാ മാർ തെയോഫിലോസ് മെത്രാപ്പോലീത്താ പ്രസ്താവിച്ചു. എം. ജി. ഒ. സി. എസ്. എമിന്റെ ആഭിമുഖ്യത്തിൽ കോട്ടയം സ്റ്റുഡൻസ് സെന്ററിൽ നടന്ന ത്രിദിന വിദ്യാഭ്യാസ മാർഗ്ഗനിർദ്ദേശ ക്യാമ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു. മെത്രാപ്പോലീത്താ. വിദ്യാർത്ഥികൾ സ്വന്തം കഴിവും കഴിവുകേടും തിരിച്ചറിഞ്ഞ് സ്വന്തം താല്പര്യത്തിൽ അനുസരണമായി പഠന വിഷയം തെരഞ്ഞെടുക്കണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

## മലങ്കരസഭയ്ക്ക് വനംവകുപ്പുമന്ത്രിയുടെ പ്രശംസ

പരുമല: മലങ്കര സഭയിലെ എല്ലാ ഇടവകകളിലും അഖില മലങ്കര ഓർത്തഡോക്സ് ശുശ്രൂഷക സംഘത്തിന്റെ ആഭിമുഖ്യത്തിൽ പരിസ്ഥിതി സംരക്ഷണം നടത്തുവാൻ ആലോചിക്കുന്നവെന്ന പത്രവാർത്ത ശ്രദ്ധിച്ച വനംവകുപ്പുമന്ത്രി ബിനോയ് വിശ്വം പരുമല പള്ളിയിലെത്തി പ്രസിഡന്റ് ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, വൈസ് പ്രസിഡന്റ് ഫാ. തോമസ് ആൻഡ്രൂസ്, ജന. സെക്രട്ടറി ജോസ് കുര്യൻ പുളിയേരി എന്നിവരുമായി കൂടിക്കാഴ്ച നടത്തി. മലങ്കര സഭയ്ക്ക് പരിസ്ഥിതി സംരക്ഷണത്തിലുള്ള പ്രതിബദ്ധതയേ മന്ത്രി അഭിനന്ദിക്കുകയും സഹായ സഹകരണങ്ങൾ വാഗ്ദാനം ചെയ്യുകയുമുണ്ടായി. ശുശ്രൂഷ സംഘത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പരിസ്ഥിതി സംരക്ഷണത്തിന്റെ ഉദ്ഘാടനം അഭി. കുര്യാക്കോസ് മാർ ക്ലീമീസ് നിർവ്വഹിച്ചു. ഡോ. ജോർജ് ജോസഫ്, ഫാ. തോമസ് ആൻഡ്രൂസ്, ഫാ. ഷിബു കുര്യൻ, ജോസ് കുര്യൻ പുളിയേരിൽ എന്നിവർ പ്രസംഗിച്ചു.

## ആശംസകൾ



**മറിയാമ്മ ജോർജ്**
പാറക്കടവിൽ 'സുവാസ്'
തെള്ളിയൂർ

*ശതാഭിഷിക്തയായ അമ്മച്ചിക്ക് ആയിരം ആശംസകളോടെ കൊച്ചുമക്കൾ*

**അനൂപ്, സൗമ്യ, ജോയൽ, രമ്യ, ആദർശ്, ജോബി, സ്മിതാ, വിനീത്, ആശിഷ്, സ്നേഹ**

Typesetting & Layout: George T. Varghese

Chief Editor & Owner: Dr. George Joseph (Sabha Secretary), Department of Public Relations, Malankara Orthodox Syrian Church, Kottayam. Printer, Publisher and Editor In-Charge: Dr. Jose Parakadavil,
Printed at the Catholicate Press, Devalokam, Kottayam - 38. Fax: 0481 2573850. E-mail: sabhapathrika@yahoo.co.in